
**N E R V E E D H I**

Volume - 15, Issue - 02, 10th February 2026, Monthly, Published at Kottayam

വാല്യം – 15, ലക്കം – 02, ഫെബ്രുവരി 2026 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി




## ഒരേ ഒരു പുസ്തകം

പേജ് 24

Editorial

# ഇത്ര വലിയ രക്ഷ എത്ര വിലമതിക്കേണം?

പാപികളെ രക്ഷിക്കുന്നതിനാണ് ക്രിസ്തുയേശു ലോകത്തിൽ വന്നത് എന്ന വചനം തികച്ചും സ്വീകാര്യവും വിശ്വാസയോഗ്യവും ആകുന്നു. ഞാനാണ് ആ പാപികളിൽ അഗ്രഗണ്യൻ (1 തിമോഥെയോസ് 1.15) എന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നു. യേശുകർത്താവ് മനുഷ്യവേഷമെടുത്ത് ലോകത്തിൽ വന്നതിന്റെ ആത്യന്തികവും പരമവുമായ ലക്ഷ്യം ആർക്കും പരിഹാരമുണ്ടാക്കാൻ കഴിയാത്ത പാപത്തിന്റെ കുഴഞ്ഞ ചേറ്റിൽനിന്നും അതിന്റെ ഭീകരമായ ശിക്ഷാവിധിയിൽ നിന്നും മാനവകുലത്തെ രക്ഷിച്ച് ഉദ്ധരിക്കുക എന്നതായിരുന്നു. ആശ്വസിപ്പിക്കുന്ന പല അത്ഭുത പ്രവൃത്തികളും യേശുകർത്താവ് ചെയ്തു എങ്കിലും അക്കാര്യങ്ങൾക്കായി ദൈവം ജഡത്തിൽ വെളിപ്പെടേണ്ടത് അനിവാര്യമായിരുന്നില്ല. മനുഷ്യന്റെ പകരക്കാരനായി, പാപപരിഹാരയാഗമായി സ്വയം അർപ്പിക്കുവാൻ ഊനമില്ലാത്ത കുഞ്ഞാടായി ദൈവം മനുഷ്യജന്മമെടുത്ത് ലോകത്തിൽ വരേണ്ടിവന്നു.

യേശു കാൽവറിയിൽ പാപപരിഹാരയാഗമായി അർപ്പിക്കപ്പെട്ടു എന്ന ഏക കാരണത്താൽ സകല മനുഷ്യരും രക്ഷ പ്രാപിക്കും എന്നർത്ഥമില്ല. ഓരോരുത്തരും, തങ്ങൾക്കുവേണ്ടിയാണ് യേശു ലോകത്തിൽ വന്ന്, പകരക്കാരനായി ശിക്ഷ ഏറ്റെടുത്തത് എന്ന് വിശ്വസിച്ച്, അംഗീകരിച്ച്, വീണ്ടുംജനനം പ്രാപിച്ച് രക്ഷ കരഗതമാക്കേണ്ടതുണ്ട്. മനുഷ്യന്റെ മറ്റേതു പ്രതിസന്ധിയും പ്രശ്നവും പരിഹരിക്കുവാൻ ദൈവത്തിനു തന്റെ പ്രവാചകന്മാരെയോ മറ്റെന്തെങ്കിലും ഉപാധിയോ ഉപയോഗിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ പാപപരിഹാരത്തിനായി മറ്റൊരു മാർഗ്ഗവും ഇല്ലായിരുന്നു. യേശു തന്റെ രക്തം ചിന്തി ക്രൂശിൽ തകർക്കപ്പെടുക എന്ന ദൈവികപദ്ധതിയിലൂടെ മാത്രം ഒരുക്കിയ ഈ വലിയ രക്ഷ എത്ര മഹത്തരമാണെന്ന് ഓരോ മനുഷ്യരും മനസ്സിലാക്കി അംഗീകരിക്കുക എന്ന ഏകമാർഗ്ഗം വഴി സകല മനുഷ്യരും രക്ഷ പ്രാപിക്കുവാൻ ദൈവം തിരുമനസ്സായി.

നിത്യശിക്ഷാവിധിയിൽ നിന്നും രക്ഷ പ്രാപിക്കുവാൻ, ആകാശത്തിനു കീഴിൽ ഭൂമിക്കു മീതെയുള്ള ഏകനാമം യേശു എന്ന നാമം മാത്രമാണ്. എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെട്ടുകൊൾവീൻ എന്ന് ദൈവം സകലമനുഷ്യരെയും വിളിക്കുന്നു. ഈ വിളി കേട്ട് യേശുപാദാന്തികെ മാനസാന്തരത്തോടും ഹൃദയനുറുക്കത്തോടും കടന്നു വന്ന്, പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ച്, യേശുവിന്റെ കർതൃത്വം സ്വീകരിക്കുന്ന ഏവർക്കും രക്ഷ സൗജന്യമായി ലഭിക്കും. സൗജന്യം എന്നതിനാൽ വിലയില്ലാത്തത് എന്നർത്ഥമില്ല. മനുഷ്യന് വിലകൊടുക്കുവാൻ കഴിയില്ല എന്നതിനാൽ ദൈവം സൗജന്യമായി നൽകുന്നു എന്നതാണ് യാഥാർത്ഥ്യം. ഇത് അവഗണിച്ചാൽ ശിക്ഷാവിധിയിൽ നിന്ന് എങ്ങനെ തെറ്റി ഒഴിയും എന്ന് തിരുവെഴുത്ത് ചോദിക്കുന്നു. ഇത്ര വലിയ രക്ഷ എത്ര വിലമതിക്കേണം എന്ന് ഈ ലക്കത്തിലെ സന്ദേശം സഗൗരവം വ്യക്തമാക്കുന്നു.

ഓരോ ലേഖനവും നിത്യതയ്ക്കായി നമ്മെ ഒരുക്കുവാൻ ലക്ഷ്യമിട്ട് പരിശുദ്ധാത്മസഹായത്താൽ വിരചിതമാണ്. തികഞ്ഞ ഏകാഗ്രതയോടും ദൈവാശ്രയത്വത്തോടും പഠനബുദ്ധിയോടും അപഗ്രഥിച്ച്, ആത്മികവർദ്ധനവിനായി ഓരോ വായനക്കാരും ഉത്സാഹിക്കണമെന്നു ഓർമ്മിപ്പിച്ചുകൊണ്ട്, പ്രാർത്ഥനയോടെ ഈ ലക്കം ദൈവനാമത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

പുസ്തകം 15 ലക്കം 2
ഫെബ്രുവരി 2026

# ഈ ലക്കത്തിൽ

**പാപത്തിന്റെ പ്രതിവിധി** 4
ജോയ് എം. തോമസ്

**മുഖപ്രകാശം സാക്ഷ്യത്തിന്റെ പ്രഥമപടി** 7
സാജു മാത്യു

**വിശ്വാസത്യാഗത്തിന് എതിരെയുള്ള...** 9
ചെയ്സ് ജോസഫ്

**മുൾത്തണ്ടിൽ വിരിയുന്ന...** 11
ബെഞ്ചമിൻ വർഗീസ്

**സത്യ സുവിശേഷം** 13
ബില്ലിഗ്രഹാം

**ഗാനപശ്ചാത്തലം** 15

**കൗൺസലിംഗ് വീഥി** 16
വർഗീസ് പി.വി

**ട്രാക്ക് മാറ്റിയ കൂടിക്കാഴ്ച** 18
ഷാജി ഉമ്മൻ

**നാളെയെന്നത് നമുക്കുള്ളതല്ല** 22
ചാൾസ് സ്പർജൻ

**ഒരേ ഒരു പുസ്തകം** 24
സുജ വിനു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos



ജോയ് എം തോമസ്

# പാപത്തിന്റെ പ്രതിവിധി

മനുഷ്യർ എല്ലാവരും പാപികൾ ആണ് എന്നതും തെറ്റ് ചെയ്യാത്ത മനുഷ്യർ ഇല്ല എന്നതും ഏവരും സമ്മതിക്കുന്ന യാഥാർത്ഥ്യമാണ്. തെറ്റുകളുടെ ഗൗരവം അനുസരിച്ച് ശിക്ഷ കൊടുക്കണം എന്നതിനോടും എല്ലാവരും യോജിക്കുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൗരവം അനുസരിച്ചുള്ള ശിക്ഷ എല്ലാ രാജ്യങ്ങളുടെയും നിയമവ്യവസ്ഥയിൽ തെളിവായി പറഞ്ഞിട്ടുമുണ്ട്. നിയമത്തിലെ വ്യവസ്ഥ പ്രകാരം നീതിന്യായക്കോടതികൾ തീർപ്പു കൽപ്പിക്കുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാപികളായ നാം ഉണ്ടാക്കിയിട്ടുണ്ട് എങ്കിൽ നീതിമാനും മുഖപക്ഷം ഇല്ലാതെ ന്യായം വിധിക്കുന്ന അത്യുന്നത ന്യായാധിപതിയും ആയ ദൈവം പാപത്തിന് ശിക്ഷ വിധിക്കുന്നു എന്നത് നമ്മുടെ യുക്തിക്ക് ബോധ്യമാകുന്ന കാര്യം ആണല്ലോ.

മനുഷ്യർ എല്ലാവരും പാപികൾ എന്നു നാം സമ്മതിക്കുമ്പോൾ അവരെ തങ്ങളുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്ന ഒരു രക്ഷകൻ ആവശ്യമാണെന്നും നാം സമ്മതിക്കണം. കുറ്റകൃത്യത്തിന് ശിക്ഷ ലഭിക്കുമ്പോൾ ഒരാൾ തന്റെ കുറ്റം കഴുകിക്കളയേണ്ടതിന് ഒരു പുണ്യപ്രവർത്തി ചെയ്യാം എന്ന് പറഞ്ഞാൽ നീതിന്യായകോടതിയിൽ സ്വീകാര്യമല്ല എന്നതുപോലെ, പാപികളും തൻ നിമിത്തം നരകത്തിന് യോഗ്യരായിത്തീർന്നവരുമായ മനുഷ്യർ എത്ര പുണ്യപ്രവർത്തികൾ ചെയ്താലും പാപങ്ങൾക്ക് പരിഹാരം ആകില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്. സ്വയം രക്ഷിക്കുവാൻ കഴിയാത്ത നിസ്സഹായരാണ് എല്ലാവരും. ഒരു പാപിക്ക് മറ്റൊരു പാപിയെ രക്ഷിക്കുവാനും കഴിയില്ല എന്നതിനാൽ തികച്ചും നിസ്സഹായരാണ് മനുഷ്യർ. ഈ യാഥാർത്ഥ്യം എല്ലാവരും തിരിച്ചറിയുകയും സമ്മതിക്കുകയും ചെയ്യണം.

മനുഷ്യർ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നം 'പാപം' ആണ്. മനുഷ്യന്റെ നിസ്സഹായതയിൽ നിന്നുമുള്ള നിലവിളി വിശുദ്ധ ബൈബിളിൽ ഇപ്രകാരം വിവരിക്കുന്നു: 'എന്നാൽ ഞാനോ ജഡത്തിൽ നിന്നുള്ളവൻ, പാപത്തിന് അടിമയായി വിൽക്കപ്പെട്ടവൻ, എന്റെ ചെയ്തികൾ എനിക്ക് തന്നെ മനസ്സിലാകുന്നില്ല. കാരണം ഞാൻ ചെയ്തുവരുന്നത് ഞാൻ ഇഷ്ടപ്പെടുന്നവയല്ല. മറിച്ച് ഞാൻ വെറുക്കുന്നവ തന്നെയാണ്

ചെയ്യുന്നത്. ചെയ്യാൻ ആഗ്രഹിക്കാത്തതാണ് ഞാൻ ചെയ്യുന്നതെങ്കിൽ ന്യായപ്രമാണം നല്ലതെന്ന് സമ്മതിക്കുകയാണ്. അങ്ങനെയെങ്കിൽ അത് ചെയ്യുന്നത് ഞാനല്ല, എന്നിൽ കൂടിയിരിക്കുന്ന പാപമാണ്. എന്നിൽ, അതായത് എന്റെ ജഡത്തിൽ ഒരു നന്മയും നിവസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു. നന്മ ചെയ്യുവാനുള്ള ആഗ്രഹം എന്നിലുണ്ട്. എന്നാൽ ആ നന്മ നിവർത്തിക്കുവാൻ എനിക്ക് കഴിയുന്നില്ല. ആഗ്രഹിക്കുന്ന നന്മ ഞാൻ ചെയ്യുന്നില്ല. മറിച്ച്, ആഗ്രഹിക്കാത്ത തിന്മ തന്നെചെയ്തുപോരുന്നു. അങ്ങനെ ഒട്ടും ആഗ്രഹിക്കാത്തത് തന്നെ ഞാൻ ചെയ്യുന്നെങ്കിൽ ഞാനേയല്ല എന്നിൽ കൂടിയിരിക്കുന്ന പാപം തന്നെയാണ് അത് ചെയ്യുന്നത്' (റോമർ7:14 - 20).

പാപത്തിന് അടിമയാണ് മനുഷ്യൻ. അവന്റെ ഏറ്റവും വലിയ ആവശ്യം പാപത്തിൽ നിന്നുള്ള വിടുതലാണ്. അതുകൊണ്ട് അവന്റെ ഏറ്റവും വലിയ അത്യാവശ്യം 'ഒരു രക്ഷകൻ' ആണ്. ഈ തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് ഒരുവൻ സുബോധത്തോടെ ചിന്തിക്കുവാൻ തുടങ്ങുന്നത്. പാപം, മരണം, നരകം എന്നീ യാഥാർത്ഥ്യങ്ങൾ ഒന്ന് ഒന്നിനോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ഭയാനകമായ കാര്യം. പാപം മരണത്തിലേക്കും, മരണം നരകത്തിലേക്കും ആണ് ഒരുവനെ നയിക്കുന്നത്. ഈ ഗുരുതരമായ പ്രശ്നത്തിന് പരിഹാരം കണ്ടെത്താതെ പോയാൽ നാശം മാത്രമേ മുന്നിലുള്ളൂ...

പാപം, മരണം, നരകം, എന്നിവയിൽ നിങ്ങളെ ഏറ്റവും ഭയപ്പെടുത്തുന്നത് ഏതാണ്? 'നരകം' എന്നായിരിക്കും ഒരുപക്ഷേ നിങ്ങളുടെ മറുപടി. അല്ലെങ്കിൽ 'മരണം' എന്നാകും. അധികം ആരും കേൾക്കുവാനും ചിന്തിക്കുവാനും ഇഷ്ടപ്പെടാത്ത കാര്യങ്ങളാണ് മരണം എന്നതും നരകം എന്നതും. എന്നാൽ പാപത്തെ പലപ്പോഴും ആരും ഗൗരവമായി എടുക്കുന്നില്ല. പാപത്തോട് സന്ധി ചെയ്യുന്ന മനോഭാവമാണ് അനേകർക്കും ഉള്ളത്. താങ്കൾക്കോ...?

വാസ്തവത്തിൽ ഏറ്റവും അധികം നാം ഗൗരവമായി കാണേണ്ടത് പാപത്തെ ആണ്. പാപത്തിന്റെ ശമ്പളമാണ് മരണം. മരണം എന്നത് 'വേർപാടാണ്'! ജീവനിൽ നിന്നുമുള്ള വേർപാട്! സാധാരണ 'മരണം' എന്നു മനുഷ്യർ ഉദ്ദേശിക്കുന്നത് ശരീരത്തിൽ നിന്നും ജീവൻ വേർപെട്ടുപോകുന്നതാണ്. എന്നാൽ ബൈബിളിൽ വിവക്ഷിക്കപ്പെട്ടിരിക്കുന്ന മരണം, ജീവനായ ദൈവത്തിൽ നിന്നുമുള്ള മനുഷ്യന്റെ വേർപാടാണ്. ദൈവത്തിൽ നിന്നും വേർപെട്ടുപോകുന്ന മനുഷ്യന്റെ ഭാവി നിത്യനരകമാണ്. ദൈവത്തിന്റെ സാന്നിധ്യം അല്പം പോലും ഇല്ലാത്ത സ്ഥലമാണ് നരകം. അത് നരകം ആയതിന്റെ കാരണവും ദൈവസാന്നിധ്യം ഇല്ല എന്നതാണ്. മരണമോ നരകമോ അല്ല മനുഷ്യന്റെ യഥാർത്ഥ പ്രശ്നം. അവനെ മരണത്തിലേക്കും നരകത്തിലേക്കും നയിക്കുന്ന പാപമാണ് ആത്യന്തികമായ പ്രശ്നം. അതുകൊണ്ട് ഒരു 'രക്ഷകൻ' നമുക്ക് കൂടിയേ തീരൂ...

**പാപത്തിന് അടിമയാണ് മനുഷ്യൻ. അവന്റെ ഏറ്റവും വലിയ ആവശ്യം പാപത്തിൽ നിന്നുള്ള വിടുതലാണ്. അതുകൊണ്ട് അവന്റെ ഏറ്റവും വലിയ അത്യാവശ്യം 'ഒരു രക്ഷകൻ' ആണ്. ഈ തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് ഒരുവൻ സുബോധത്തോടെ ചിന്തിക്കുവാൻ തുടങ്ങുന്നത്.**

മനുഷ്യന്റെ പാപത്തിന് വിധിക്കപ്പെട്ടിരിക്കുന്ന മരണശിക്ഷ യേശു ഏറ്റെടുത്തു സഹിച്ചു. പാപത്തിന് പ്രായശ്ചിത്തം വരുത്തുവാൻ യോഗ്യനായവനു മാത്രമേ മനുഷ്യകുലത്തിന്റെ രക്ഷകൻ ആകുവാൻ കഴിയൂ. 'രക്ഷകൻ' ആകുവാൻ മറ്റാർക്കും കഴിയില്ല എന്നതുകൊണ്ട് സ്രഷ്ടാവായ ദൈവം, ആ സ്നേഹനിധിയായ പിതാവ്, മനുഷ്യനായി ജന്മം എടുത്ത് നമ്മുടെ രക്ഷയ്ക്കായി വന്നു. 'രക്ഷകൻ' എന്നർത്ഥമുള്ള 'യേശു' എന്നപേർ അവിടുന്ന് സ്വീകരിച്ചു. അവിടുന്ന് മനുഷ്യനായി പിറന്നപ്പോൾ മാലാഖമാർ പാടി 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ അവിടുന്ന് പ്രസാദിക്കുന്ന മനുഷ്യർക്ക് സമാധാനം' (ലൂക്കോസ്2:14).

## പാപത്തിന്റെ പ്രതിവിധി

യേശുവിന്റെ ജനനവാർത്ത ഉദ്ഘോഷിച്ചത് സ്വർഗ്ഗീയ മാലാഖയായിരുന്നു. ആട്ടിടയന്മാർക്ക് പ്രത്യക്ഷപ്പെട്ട മാലാഖ അവരോട് പറഞ്ഞു: ഭയപ്പെടേണ്ട, ഇതാ സകലജനത്തിനും ഉണ്ടാകാനുള്ള ഒരു മഹാസന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ഇന്ന് ദാവീദിന്റെ നഗരത്തിൽ നിങ്ങളുടെ രക്ഷകൻ ജനിച്ചിരിക്കുന്നു, അവിടുന്ന് കർത്താവായ ക്രിസ്തുവാണ് (ലൂക്കോസ് 2:10,11).

മനുഷ്യന്റെ സങ്കീർണ്ണപ്രശ്നമാകുന്ന പാപത്തിന് ദൈവം നൽകിയ പ്രതിവിധിയാണ് യേശുക്രിസ്തു. യേശുക്രിസ്തു നിങ്ങളുടെ രക്ഷകൻ എന്നാണ് മാലാഖ വിളംബരം ചെയ്തത്. അതെ, പാപിയായിരിക്കുന്ന ഓരോരുത്തരുടെയും രക്ഷകനാണ് യേശുക്രിസ്തു. മനുഷ്യനായി പിറന്ന ഓരോരുത്തർക്കും യേശുക്രിസ്തുവിൽ വീണ്ടെടുക്കപ്പെടുവാനുള്ള അവകാശമുണ്ട്. യേശുക്രിസ്തുവിൽ വിശ്വസിക്കുവാനും അവിടുത്തെ കൈക്കൊള്ളുവാനും അവകാശം ഉണ്ട്. കാരണം വിശുദ്ധ ബൈബിൾ പറയുന്നു: 'യേശുക്രിസ്തുവിനെ സ്വീകരിച്ച **'ഏവർക്കും'** അവിടുത്തെ നാമത്തിൽ വിശ്വസിച്ച എല്ലാവർക്കും **'ദൈവമക്കൾ ആകുവാൻ'** അവിടുന്ന് അധികാരം നൽകി (യോഹന്നാൻ1:12). യേശുവിനെ കൈക്കൊണ്ട് ദൈവമക്കൾ ആകുവാനുള്ള അധികാരം ഏവർക്കും ഉള്ളതാണ്. സകല ജാതികൾക്കും ദൈവം നൽകിയ സമ്മാനമാണ് യേശുക്രിസ്തു. സകലർക്കും ഉള്ള സദ്വർത്തമാനമാണ് യേശുക്രിസ്തു. അതായത് യേശുക്രിസ്തു നിങ്ങളുടെ രക്ഷകൻ ആണ്.

പാപത്തെ ഗൗരവമായി കാണാത്തതുകൊണ്ട് പാപത്തിന്റെ ഗൗരവം കുറയുന്നില്ല, മരണത്തെ അവഗണിച്ചു ജീവിച്ചാൽ മരണം മാറിപ്പോകുന്നില്ല, നരകത്തിൽ വിശ്വസിക്കുന്നില്ല എന്നതിനാൽ നരകം ഇല്ലാതാകുന്നുമില്ല. ഇതെല്ലാം യാഥാർത്ഥ്യങ്ങളാണ്. പാപത്തിൽ നിന്നും രക്ഷ പ്രാപിക്കുക എന്നതാണ് ഓരോരുത്തരും അത്യാവശ്യമായി ചെയ്യേണ്ടത്. പാപത്തിൽ നിന്ന് മോചനം പ്രാപിക്കുമ്പോൾ മരണത്തിൽ നിന്നും ജീവനിലേക്ക് കടക്കുന്നു. ആ അനുഭവത്തിന് **'വീണ്ടും ജനനം'** എന്നാണ് ബൈബിളിൽ നാമകരണം ചെയ്തിരിക്കുന്നത്. വീണ്ടുംജനനത്താൽ പ്രാപിക്കുന്നത് നിത്യജീവനാണ്. ഭൂമിയിൽ ജനിച്ചവരെല്ലാം മരിക്കാനായി ജനിച്ചവരാണ്. എന്നാൽ വീണ്ടുംജനനം പ്രാപിക്കുന്നവർ ജീവിക്കുവാനായി ജനിച്ചവരാണ്. ക്രിസ്തുവിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുക എന്നത് ഓരോരുത്തർക്കും ദൈവം നൽകുന്ന അധികാരമാണ്! •

## എത്ര മഹത്വമുള്ള പദവി

ക്രൂശ് നമുക്ക് പാപത്തിന്റെ ആഴവും ദൈവത്തിന്റെ നീതിയും വിശുദ്ധിയും വെളിപ്പെടുത്തുന്നു. അപ്പോൾത്തന്നെ അത് ദൈവത്തിന്റെ അളവറ്റ സ്നേഹത്തെയും കാണിച്ചു തരുന്നു. രക്ഷ എന്നത് എപ്പോഴും ഒരു സുവാർത്തയാണ്, പരിധിയില്ലാത്ത ദൈവസ്നേഹത്തിന്റെയും ക്ഷമയുടെയും വാർത്തയാണ്. ദൈവകുടുംബത്തിലേക്കുള്ള ദത്തെടുക്കലും ദൈവജനത്തോടൊത്തുള്ള കൂട്ടായ്മയും പാപത്തിന്റെ ശിക്ഷയിൽ നിന്നും ശക്തിയിൽ നിന്നുമുള്ള മോചനവും സുവിശേഷം വിശ്വസിച്ച് അനുസരിക്കുന്നവർക്ക് അനുഭവവേദ്യമാണ്. ഓർക്കുക: സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയും അത്യുന്നതനുമായ ദൈവം എപ്പോഴും തന്റെ ജനത്തോടൊപ്പമുള്ള കൂട്ടായ്മ ആഗ്രഹിക്കുന്നു. അത് യാഥാർത്ഥ്യമാക്കാൻ സാധ്യമായതെല്ലാം ചെയ്തിരിക്കുന്നു. തന്റെ പ്രിയപുത്രനെ മറുവിലയായി നൽകുക മാത്രമല്ല, കൃപാസനത്തോളം ചെന്ന് 'അബ്ബാ പിതാവേ' എന്ന് വിളിക്കുവാനുള്ള അമൂല്യപദവിയും നൽകിയിരിക്കുന്നു. യേശു ഇരിക്കുന്ന ഇടത്തു തന്നോടൊപ്പം തന്റെ ജനത്തെയും ഇരുത്തുവാൻ എത്ര വലിയ പദവിയാണ് നൽകിയിരിക്കുന്നത്. ഇത്ര മഹത്വമുള്ള പദവി പ്രാപിക്കുവാൻ മനുഷ്യർക്ക് അർഹത ഇല്ലാതിരുന്നപ്പോൾ അതിനു നമ്മെ യോഗ്യരാക്കിയത് ക്രിസ്തുവിന്റെ അതുല്യസ്നേഹത്തിന്റെ നിദർശനമാണ്.



സാജു മാത്യു

# മുഖപ്രകാശം സാക്ഷ്യത്തിന്റെ പ്രഥമപടി

***'എന്റെ പിതാക്കന്മാരുടെ കല്ലറകൾ ഉള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെയിരിക്കുന്നതെങ്ങനെ?' (നെഹെമ്യാവ് 2:3)***

**നാ**മൊക്കെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരാണ്... വ്യത്യസ്ത ഓഫീസുകളിൽ, കടകളിൽ, ഫാക്ടറികളിൽ, കൃഷിയിടങ്ങളിൽ... എന്നാൽ, നമ്മുടെ പ്രവർത്തനമേഖലകളിൽ എത്രയിടത്തു നാം യഥാർത്ഥത്തിൽ ഒരു ദൈവപൈതൽ എന്ന നിലയിൽ മറ്റുള്ളവർക്കു നമ്മെത്തന്നെ പരിചയപ്പെടുത്തുകയും,'ദൈവപൈതൽ' എന്ന ഐഡന്റിറ്റിയിൽ ജീവിക്കുകയും ചെയ്യുന്നുണ്ട്? സാക്ഷിക്കുന്നവരുടെ എണ്ണം കഴിഞ്ഞകാലങ്ങളെക്കാൾ കുറഞ്ഞിരിക്കുകയാണ് എന്നതു ഒരു സത്യമാണ്. പ്രത്യേകിച്ചും, ഉയർന്ന ഉദ്യോഗങ്ങളിലേക്കു കയറുകയും മൾട്ടിനാഷണൽ ഓഫീസുകളിൽ പണിയെടുക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ പലരും 'ദൈവമക്കൾ' എന്ന ഐഡന്റിറ്റി വെളിപ്പെടുത്തുന്നുപോലുമില്ല. പലരുടെയും ബോസുമാർക്കു തങ്ങളുടെ സ്റ്റാഫ് ഒരു ക്രിസ്തുവിശ്വാസിയാണെന്ന യാഥാർത്ഥ്യം അറിയില്ല. അതു പറയാൻ പല വിശ്വാസികളും ഒരിക്കലും തയ്യാറായിട്ടില്ല.

എന്താണിതിനു കാരണം? ഓരോരുത്തർക്കും ഓരോ ഒഴികഴിവുകളുണ്ടാകും. 'അതു വെളിപ്പെടുത്തുന്നതു ഗുണത്തേക്കാളേറെ ദോഷം ചെയ്യും' എന്നാവും ഒരാൾ പറയുക. 'എന്താണു പറയേണ്ടത് എന്ന് എനിക്കറിയില്ല' എന്നു മറ്റൊരാൾ പറയുന്നു. 'അതു വെളിപ്പെടുത്തിയാൽ പിന്നെ അവർ ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി പറയാനുള്ള കഴിവൊന്നും എനിക്കില്ല... അതുകൊണ്ടു മൗനമായിരിക്കുന്നതാണു ബുദ്ധി' എന്നു ഞാൻ ചിന്തിച്ചു. ഇങ്ങനെ നീളുന്നു ഒഴികഴിവുകൾ

സാക്ഷിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന കാര്യത്തിൽ ഏറ്റവും മുന്നിൽ നില്ക്കുന്ന ഭീതി 'തിരസ്കരിക്കപ്പെട്ടുപോയേക്കുമോ' എന്ന ചിന്തയാണ്. ബില്ലിഗ്രഹാം ക്രൂസേഡിന്റെ ഒരു ട്രെയിനിംഗ് സെഷനിൽ പങ്കെടുക്കുന്ന അത്മായരായ ആളുകളോട്, നിങ്ങളുടെ അനുദിനജീവിതത്തിൽ കർത്താവിനെ സാക്ഷിക്കുന്നതിനു തടസ്സമായി നില്ക്കുന്നതെന്ത് എന്ന ചോദ്യത്തിനു അമ്പത്തൊന്നുശതമാനം (51%) ആളുകൾ പറഞ്ഞത്, അങ്ങനെ ചെയ്താൽ അവരുടെ പ്രതികരണം എന്തായിരിക്കുമെന്നുള്ള ആശങ്കകൊണ്ടാണു സാക്ഷിക്കാൻ മടിക്കുന്നതെന്നാണ്! നമ്മിലാർക്കുംതന്നെ തിരസ്കരിക്കപ്പെടുവാനും പരിഹസിക്കപ്പെടുവാനും ഒറ്റപ്പെടുത്തപ്പെടുവാനും ആഗ്രഹമില്ല!

ഇവിടെ നെഹെമ്യാവ് 2:1-8 വരെയുള്ള വേദഭാഗത്തു അവന്റെ ബോസിനോടു തന്റെ ഐഡന്റിറ്റി വെളിപ്പെടുത്താൻ മടിയില്ലാത്ത ഒരു വ്യക്തിയായാണു നെഹെമ്യാവിനെ നാം കാണുന്നത്. ആരായിരുന്നു അവന്റെ ബോസ്? ലോകത്തിന്റെ മുഴുവൻ ചക്രവർത്തിയായിരുന്ന, അർഥഹ്ശഷ്ടാരാജാവ്! കൊല്ലിനും കൊലയ്ക്കും അധികാരമുള്ള അർഥഹ്ശഷ്ടാരാജാവിന്റെ ജോലിക്കാരനായിരുന്നു നെഹെമ്യാവ്. തന്റെ വ്യക്തിത്വം (identity) രാജാവിനോടു പറയുന്നതിൽ നിന്ന് ഒന്നും അവനെ തടഞ്ഞു നിർത്തിയില്ല. എന്തായിരിക്കും രാജാവിന്റെ പ്രതികരണം എന്നതു അവൻ ചിന്തിച്ചില്ല എന്നു പറയാനാവില്ല. എന്നാൽ, പ്രതികരണം എന്തായിരുന്നാലും തന്റെ വിശ്വാസത്തെ വെളിപ്പെടുത്താനുള്ള ഒരു തീരുമാനം നെഹെമ്യാവിന്റെ

പക്ഷത്തുണ്ടായിരുന്നു.

യെരൂശലേമിന്റെ തകർച്ചയിൽ നെഞ്ചുപൊട്ടിക്കരയുന്ന നെഹെമ്യാവിനെയാണു ഒന്നാമധ്യായത്തിൽ നാം കാണുന്നത്. ആ ഹൃദയത്തകർച്ചയോടെയാണു ഇപ്പോൾ നെഹെമ്യാവ്, രാജാവിന്റെ പാനപാത്രം നിറച്ചുകൊടുക്കുന്നത് (നെഹെമ്യാവ് 2:1). ആദ്യമായിട്ടാണ് അവൻ ദുഃഖത്തോടെ നിൽക്കുന്നത്! അതായത്, ഇതിനു മുമ്പ് എല്ലായ്പ്പോഴും സന്തോഷം അവന്റെ മുഖത്ത് പ്രതിഫലിച്ചിരുന്നു!

വിശ്വാസികൾ പഠിക്കേണ്ട ഒരു പാഠമാണിത്. സെക്കുലർ രംഗത്തു പ്രവർത്തിക്കുന്നവർ പ്രവർത്തനമേഖലകളിൽ അവരുടെ സന്തോഷം എപ്പോഴും മുഖത്തു പ്രതിഫലിപ്പിക്കുന്നവരായിരിക്കണം. ദുബായ്പോലുള്ള പട്ടണങ്ങളിൽ മലയാളികളുടെ സാന്നിധ്യം എല്ലാ മണ്ഡലങ്ങളിലുമുണ്ട് എന്നു നമുക്കറിയാം. എന്നാൽ, വലിയ മാളുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ഹോട്ടലുകളിലും ഫ്രണ്ട്ഓഫീസ് കൈകാര്യം ചെയ്യുന്നതും സെയിൽസ് എൻഡ് പോയിന്റുകളിലെ കാഷ് കൗണ്ടറുകൾ അടക്കിവാഴുന്നതും ഫിലിപ്പിനോകളാണ്. ഇതിന്റെ കാരണം എന്ത് എന്നു ചോദിച്ചപ്പോൾ ഒരാൾ പറഞ്ഞത് 'ഒരു മലയാളിക്ക് അയ്യായിരം ദിർഹം (ഏകദേശം അറുപതിനായിരം രൂപ) മാസശമ്പളം കൊടുത്താലും മുഖത്ത് ആയിരം ദിർഹത്തിന്റെ സന്തോഷമേ കാണൂ; എന്നാൽ, ഒരു ഫിലിപ്പിനോയ്ക്ക് ആയിരം ദിർഹം കൊടുത്താലും അയ്യായിരം ദിർഹത്തിന്റെ സന്തോഷം അവരുടെ മുഖത്ത് കാണും' എന്നാണ്!

ദൈവമക്കൾ അവരുടെ ഹൃദയത്തിന്റെ സന്തോഷം (അതുണ്ടാവുമല്ലോ) അവർ പ്രവർത്തിക്കുന്ന പ്രവർത്തനമണ്ഡലങ്ങളിൽ പ്രസന്നവദനരായി വെളിപ്പെടുത്തണം. കുത്തിവീർത്ത മുഖവുമായി നിങ്ങൾ ഓഫീസിലേക്കു പോകരുത്. കാരണം, ഭവനത്തിൽ ഇരിക്കുമ്പോൾ അനുഭവിച്ച (അനുഭവിക്കണം) ദൈവസാന്നിധ്യവുമായാണ് നിങ്ങൾ ഓഫീസിലേക്കു പോകുന്നത്. നിങ്ങളുടെ മുഖത്തെ പ്രകാശമാണു നിങ്ങളുടെ സാക്ഷ്യത്തിന്റെ പ്രഥമപടി! പ്രകാശിക്കുന്ന മുഖവുമായി എന്നും രാജസന്നിധിയിൽ പ്രത്യക്ഷപ്പെട്ടിരുന്ന നെഹെമ്യാവ് ഇപ്പോൾ ഒരു ദിവസം ദുഃഖിതനായി വന്നപ്പോൾ രാജാവും രാജ്ഞിയും അതു ശ്രദ്ധിച്ചു (നെഹെമ്യാവ് 2: 2). നമ്മുടെ മുഖത്തിന്റെ പേശീവലിവുകൾ ലോകം ശ്രദ്ധിക്കുന്നുണ്ടെന്നതു നമ്മെ എത്രയോ ശ്രദ്ധാലുക്കളാക്കണം!

'രാജാവ് എന്നോട്, നിന്റെ മുഖം വാടിയിരിക്കുന്നതെന്ത്? നിനക്കു ദീനം ഒന്നും ഇല്ലല്ലോ, ഇതു മനോദുഃഖമല്ലാതെ മറ്റൊന്നുമല്ല' എന്നു പറഞ്ഞു.

ഇവിടെ ഒരു കാര്യം ഓർക്കണം. നെഹെമ്യാവിന്റെ കണ്ണുകളിൽ ഇതുവരെ സന്തോഷം നിറഞ്ഞിരുന്നെങ്കിൽ അതു ദൈവിക സന്തോഷമായിരുന്നു. ഇപ്പോൾ ദുഃഖവും അവന്റെ വ്യക്തിഗതദുഃഖമല്ല... അവന്റെ ദുഖത്തിന്റെ കാരണം അവനു ശമ്പളം കുറവായതോ, പുത്തൻ കാറു വാങ്ങാൻ കഴിയാഞ്ഞതോ ഒന്നുമല്ല... ദുഃഖത്തിന്റെ കാരണം അവൻ വിവരിക്കുന്നു: 'എന്റെ പിതാക്കന്മാരുടെ കല്ലറകൾ ഉള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെയിരിക്കുന്നതെങ്ങനെ? (നെഹെമ്യാവ് 2:3). നോക്കൂ, നെഹെമ്യാവ് എത്ര യാഥാർത്ഥ്യബോധത്തോടെ (genuine) സംസാരിക്കുന്നു. ഒരു ദൈവപൈതൽ എപ്പോഴും യാഥാർഥ്യമുള്ളവനായിരിക്കണം. അതാണു നമ്മുടെ മുഖമുദ്ര. 'എന്താണ് നിന്റെ മുഖം വാടിയിരിക്കുന്നത്' എന്നു ചോദിച്ചപ്പോൾ ഉഴപ്പൻമട്ടിൽ 'അങ്ങനെയൊന്നുമില്ല' എന്നു പറഞ്ഞ് അവൻ ഒഴിഞ്ഞില്ല. 'എനിക്കു ദുഃഖമുണ്ട്' എന്നുതന്നെ അവൻ പറയുന്നു. നേരത്തെ സന്തുഷ്ടനായപ്പോഴും ആ സന്തുഷ്ടി അവൻ അഭിനയിച്ചതല്ല. അതു genuine ആയിരുന്നു. ഇപ്പോൾ ദുഃഖമുണ്ട്. അതും യഥാർത്ഥ്യമാണ്.

ഫ്രാൻസിസ് ഷിഫർ (Francis Scheaffer) പറഞ്ഞു. ലോകം ഒരുപക്ഷേ പൂർണ്ണതയുള്ള ഒരു സഭയെ പ്രതീക്ഷിക്കുന്നില്ലായിരിക്കാം. എന്നാലും ലോകം കപടമില്ലാത്ത ഒരു സഭയെ പ്രതീക്ഷിക്കുന്നുണ്ട്: നമുക്കു അഭിനയം നിർത്താം. അഭിനയം, അതായിരുന്നു പരീശന്മാരുടെ ഏറ്റവും വലിയ പ്രശ്നം. പ്രകടനാത്മകത നമ്മെ എവിടെയും എത്തിക്കില്ല. നമുക്കു യാഥാർത്ഥ്യബോധമുള്ളവരാകാം!

അടുത്തതായി നാം കാണുന്നതു നെഹെമ്യാവ് തന്റെ ദുഃഖം എന്തെന്നു വെളിപ്പെടുത്തുന്നതാണ്. അതു അവന്റെ ഐഡന്റിറ്റിയുമായി ബന്ധപ്പെട്ടതാണ്: 'എന്റെ പിതാക്കന്മാരുടെ കല്ലറകൾ ഉള്ള പട്ടണം...' രാജാവേ, ഞാൻ ഇവിടെ അങ്ങയുടെ പാനപാത്രവാഹകനായി രാജധാനിയിൽ

ശേഷം പേജ് 29 ▶

# വിശ്വാസത്യാഗത്തിന് എതിരെയുള്ള മുന്നറിയിപ്പ്



(വായനാഭാഗം: എബ്രായർ 10: 26 39)

ചെയ്സ് ജോസഫ്

എബ്രായ ലേഖനം 10-ാം അധ്യായം അവസാനിക്കുന്നത് ചില മുന്നറിയിപ്പുകളും പ്രോത്സാഹന വാക്യങ്ങളും നൽകിക്കൊണ്ടാണ്. ഇന്ന് ഏറ്റവും കൂടുതൽ ക്രിസ്ത്യാനികൾ അവഗണിക്കുന്ന മുന്നറിയിപ്പുകൾ ആണ് ഇത്. ഇത്ര ശക്തമായ ഒരു മുന്നറിയിപ്പ് എന്തുകൊണ്ടാണ് എബ്രായലേഖനകർത്താവ് നൽകുന്നത്. യേശുക്രിസ്തുവിന്റെ ഒരിക്കലായുള്ള ശരീരയാഗത്താൽ നാം എന്നന്നേയ്ക്കുമായി രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന വെളിപ്പാട് മനസ്സിലായ ശേഷം മാനുഷീകമായതിലേക്ക് തിരിയുന്നതിന് എതിരായ മുന്നറിയിപ്പ് ആണിത്. ഏകയാഗത്തിൽ എന്നന്നേക്കുമായി വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു എന്ന് വിശ്വസിച്ചശേഷം വീണ്ടും ആവർത്തിക്കപ്പെടുന്ന യാഗങ്ങളിലേക്ക് അല്ലെങ്കിൽ കുർബാനകളിലേക്ക് കടക്കുന്നത് ക്രിസ്തുവിന്റെ യാഗത്തെ നിഷ്ഫലമാക്കുന്ന പ്രവൃത്തിയാണ്. അങ്ങനെ ചെയ്യുമ്പോൾ അയാൾ യേശുക്രിസ്തുവിന്റെ യാഗം എനിക്ക് ഗുണകരമായില്ല എന്ന് പ്രസ്താവിക്കുകയാണ്. അതുകൊണ്ട് ഒരിക്കൽ യഹൂദരായിരുന്ന വിശ്വാസികളോട് പറയുന്നത് നിങ്ങൾ പഴയ വ്യവസ്ഥിതിയിലേക്ക് മടങ്ങിയാൽ ക്രിസ്തുവിനെ ചവിട്ടിക്കളയുന്നതു പോലെയാണ്.

യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്താൽ രക്ഷയ്ക്ക് വേണ്ടതെല്ലാം പൂർത്തിയായില്ല എന്ന ചിന്ത വീണ്ടും വീണ്ടും യാഗം കഴിക്കുക എന്ന വ്യവസ്ഥയിലേക്ക് മടങ്ങുന്നതു പോലെ തന്നെയാണ്. ഇനിയും മാനുഷികമായ കാര്യങ്ങൾ ബാക്കി ഉണ്ടെന്ന് വിശ്വസിക്കുമ്പോൾ, നമ്മെ ശുദ്ധീകരിച്ച നിയമരക്തത്തെ അപര്യാപ്തം അഥവാ മലിനം എന്ന് വിചാരിക്കുന്നതുപോലെയാണ്. ക്രിസ്തുവിന്റെ പ്രവൃത്തികളെ നിർമ്മൂലമാക്കുന്നതിന് തുല്യമാണ് ഈ അധ്യായത്തിലെ 14-ാം വാക്യം ലംഘിക്കപ്പെടുന്നത്, ഇത്ര വിലയേറിയ രക്ഷയെ ഇങ്ങനെ വിലകുറച്ചു കണ്ടാൽ എത്ര കൊടിയ ശിക്ഷാവിധി വരും എന്ന് ഇവിടെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന് പൂർണ്ണ മഹത്വം കരേറ്റപ്പെടേണ്ട രക്ഷയെ മാനുഷിക പ്രവൃത്തികളിലേക്ക് കൊണ്ടുചെല്ലുന്നത് അക്ഷന്തവ്യമായ അപരാധമായി നാം മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

മനുഷ്യന്റെ പാപപ്രകൃതം അവനെ എപ്പോഴും ദൈവവുമായി മല്ലുപിടിക്കുന്നവൻ ആക്കി മാറ്റുന്നു. വീണ്ടെടുപ്പിൻ മഹത്വത്തിന്റെ ഒരു പങ്ക് മനുഷ്യൻ എപ്പോഴും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരുടെ സൽപ്രവൃത്തിയോ നീതിയോ വച്ച് ഒരിക്കലും രക്ഷയോടുകൂടി ഒന്നും കൂട്ടുവാനും കുറയ്ക്കുവാനും സാധ്യമല്ല എന്നും, ക്രിസ്തുവിന്റെ നീതി അല്ലാതെ വേറെ ഒന്നും ദൈവം അംഗീകരിക്കുകയില്ലെന്നും ഇവർ മറന്നുപോകുന്നു.

വളരെ ശക്തമായ മുന്നറിയിപ്പുകൾ നൽകിയശേഷം ചില അഭിനന്ദനങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതായി കാണാം. വളരെ കഷ്ടങ്ങളിലൂടെ കടന്നുപോയ ഒരു കൂട്ടത്തോടാണ് ഈ ലേഖനം സംസാരിക്കുന്നത്. ക്രിസ്തുവിന്റെ പ്രകാശനം ലഭിച്ചശേഷം അവർ വളരെയധികം ബുദ്ധിമുട്ടുകളെ സഹിക്കേണ്ടതായി വന്നു. സഹിക്കാൻ കഴിയാത്ത വിധം നിന്ദകളും പീഡനങ്ങളും അനുഭവിച്ചു. എന്നാലും അവർ ധൈര്യമായി വിശ്വാസത്തിൽ നിലനിന്നു. അതുമാത്രമല്ല, തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് സ്വർഗ്ഗീയമായ സമ്പത്ത് സമ്പാദിക്കുകയും ചെയ്തു. കർത്താവിന്റെ രാജ്യത്തിനായി അധ്വാനിച്ചുകൊണ്ട്

## വിശ്വാസത്യാഗത്തിന് എതിരെയുള്ള മുന്നറിയിപ്പ്

അവർ മറ്റുള്ളവരോട് സ്നേഹവും സഹതാപവും കാണിച്ചവരാണ്. തടവിലായവരോടുള്ള സഹതാപത്തെക്കുറിച്ച് നാം ഇവിടെ വായിക്കുന്നു. അതോടൊപ്പം അവർ തങ്ങളുടെ സമ്പത്തിന്റെ അപഹാരം സന്തോഷത്തോടെ സഹിച്ചു എന്നും പറയുന്നു.

ആരാണ് ഈ തടവിൽ ആയിപ്പോയവർ? അവരുടെ സമ്പത്ത് അപഹരിച്ചു കൊണ്ടു പോയവർ തന്നെയാണോ? അതോ ക്രിസ്തുവിന്റെ നാമം നിമിത്തം തടവിൽ ആയിപ്പോയവർ ആണോ? സ്വന്തം സ്വത്ത് അപഹരിച്ചവരോട് ആണോ അവർ സഹതാപം കാണിച്ചത്? അങ്ങനെയെങ്കിൽ അത് അതിവിശുദ്ധമായ വിശ്വാസത്താൽ ഉളവാകുന്ന നീതിയാൽ മാത്രമേ സാധിക്കുകയുള്ളൂ. ഇവിടെ അത് വ്യക്തമാക്കിയിട്ടില്ല. എങ്ങനെ ആയാലും അത് ദൈവമഹത്വം വെളിപ്പെടുത്തുന്ന കാര്യമാണ് എന്ന് മാത്രമല്ല, തങ്ങളെ രക്ഷിച്ച ദൈവത്തോടുള്ള വിശ്വാസത്തിന്റെ പ്രതിഫലനം കൂടിയാണ്.

എങ്ങനെയാണ് ഒരാൾക്ക് സമ്പത്തുകളുടെ അപഹാരം സന്തോഷത്തോടെ സഹിക്കാൻ പറ്റുന്നത്? ഒരു വിശ്വാസിയെ സംബന്ധിച്ച് ഒരിക്കലും ആർക്കും എടുത്തു മാറ്റാൻ പറ്റാത്ത സ്വർഗ്ഗീയ സമ്പത്തിന്റെ അവകാശമാണ് ഈ സഹനത്തിന്റെ അടിസ്ഥാനം. ഇവിടെ പ്രത്യേകം നാം ചിന്തിക്കേണ്ട കാര്യം, സന്തോഷത്തോടെ ആണ് ഇത് സഹിച്ചത് എന്നതാണ്. അതിനർത്ഥം ഈ ലോകത്തിലെ സമ്പത്തിനോട് യാതൊരുവിധ ആഗ്രഹവും അവർക്ക് ഉണ്ടായിരുന്നില്ല എന്നല്ലേ? നിധി മറഞ്ഞിരിക്കുന്ന വയൽ കണ്ട ഒരാൾക്ക് തന്റെ സ്വത്തുക്കൾ എത്ര നഷ്ടപ്പെട്ടാലും ഒന്നും തോന്നുകയില്ല. ഇത് ജീവിക്കാനുള്ള ധൈര്യമാണ്. ഇതു മഹാ പ്രതിഫലം ഉള്ള ധൈര്യമാണ് എന്ന് 35-ാം വാക്യത്തിൽ ലേഖന കർത്താവ് പറയുന്നു. ധൈര്യം തള്ളിക്കളയരുത് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? സ്വർഗ്ഗത്തിലെ സമ്പത്ത് എന്ന പ്രത്യാശ നമുക്ക് നഷ്ടപ്പെട്ടാൽ ഈ ലോകത്തിൽ ജീവിക്കാനുള്ള ധൈര്യം നമുക്ക് നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അത് മഹത്തായ പ്രതിഫലത്തിൽ കുറവ് വരുത്തുന്ന കാര്യമാണ്. ഇന്നു പലരും ദൈവത്തെ സ്നേഹിക്കുന്നതുപോലും സമ്പത്ത് ലഭിക്കും എന്നുള്ള ആഗ്രഹത്താലുള്ള സന്തോഷത്തിലാണ്.

പണ്ടുകാലത്ത് മണിഓർഡർ കൊണ്ടുവരുന്ന പോസ്റ്റുമാനെ കാത്തിരിക്കുന്നത് പോലെയാണ് ഇന്ന് പലരും ദൈവത്തെ കാത്തിരിക്കുന്നത്. അത് തീർച്ചയായിട്ടും പോസ്റ്റ്മാനോടുള്ള സ്നേഹം അല്ല, അദ്ദേഹം കൊണ്ടുവരുന്ന പണത്തോടുള്ള സ്നേഹമാണ് എന്നത് വ്യക്തമാണല്ലോ. അതുപോലെ ഇന്നും സമ്പത്തിനായി ദൈവത്തെ ആശ്രയിക്കുന്നവർ ദൈവത്തെക്കാൾ കൂടുതൽ സമ്പത്തിനെയാണ് സ്നേഹിക്കുന്നത്. ദൈവത്തെയും മാമോനേയും ഒരേസമയത്ത് സ്നേഹിക്കാൻ സാധ്യമല്ല. ഇന്ന് മാമോനെ ലഭ്യമാക്കുന്നതിനുള്ള ഒരു ഉപാധി മാത്രമാണ് ദൈവം. എന്നാൽ യഥാർത്ഥ ദൈവസ്നേഹം അവന്റെ വാഗ്ദത്തങ്ങളിലുള്ള വിശ്വാസത്തെ നമ്മുടെ ഹൃദയങ്ങളിൽ ഉറപ്പിക്കുകയും ഈ ലോകത്തിന്റെ സമ്പത്തിൽ ഉള്ള നമ്മുടെ ആശ്രയത്വവും അതിനുള്ള നമ്മുടെ ആഗ്രഹവും ഇല്ലാതാക്കുകയും ചെയ്യും. അങ്ങനെ വരുമ്പോൾ സമ്പത്തുകളുടെ അപഹാരം സന്തോഷത്തോടെ സഹിക്കാനുള്ള ഒരു വിശുദ്ധ ഹൃദയം നമുക്കുണ്ടാകും.

കർത്താവ് തരുന്ന പ്രതിഫലം ഒക്കെ വളരെ നാളുകൾക്കു ശേഷം അല്ലേ, പിന്നീടെപ്പോഴോ വരാനിരിക്കുന്ന സന്തോഷത്തിനുവേണ്ടി കാത്തിരുന്ന് എത്രനാൾ കഷ്ടപ്പെടണം? അതുകൊണ്ട് കർത്താവ് വരുന്നത് വരെയുള്ള ദീർഘകാലങ്ങൾ കഷ്ടപ്പെടുന്നതിന് പകരം, ലഭിക്കാവുന്ന സമ്പത്തുകൊണ്ട് ലോകത്തിൽ സന്തോഷിക്കാം എന്ന് ചിലർ വിചാരിച്ചേക്കാം. പക്ഷേ വേദപുസ്തകം പറയുന്നത് കർത്താവ് വരുവാൻ സമയമായി എന്നാണ്. അത് ഓരോ നിമിഷവും യാഥാർത്ഥ്യമാണ്. ചരിത്രം നോക്കിയോ, നാളെ എന്തു സംഭവിക്കുമെന്ന് ഊഹിച്ചോ അല്ല നമ്മൾ ഇത് വിശ്വസിക്കുന്നത്. നാം ജീവിക്കുന്ന ഓരോ നിമിഷവും കർത്താവിനു വേണ്ടിയുള്ള ഒരു കാത്തിരിപ്പാണ്.

അതുകൊണ്ട് 36-ാം വാക്യത്തിൽ പറയുന്നതുപോലെ ദൈവേഷ്ടം ചെയ്തു കാത്തിരിക്കുവാൻ സഹിഷ്ണുത ആവശ്യമാണ്. ദീർഘകാലം മുൻ-പിൻ നോക്കാതെ ഓരോ നിമിഷവും ജീവിക്കുവാൻ ഈ പ്രത്യാശ നമ്മെ സഹായിക്കുന്നു. ധൈര്യം ഇല്ലാതെ പിന്മാറിയാൽ ദൈവത്തിന് പ്രസാദം ഇല്ല എന്ന് ഈ വാക്യം നമ്മോട് പറയുന്നു. അതുകൊണ്ട് ദൈവവചനം നമ്മെ എപ്പോഴും ഉത്സാഹിപ്പിക്കുകയും വാഗ്ദത്തം പ്രാപിക്കുവാൻ ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. •

ബെഞ്ചമിൻ വർഗീസ്

# മുൾത്തണ്ടിൽ വിരിയുന്ന പനിനീർ പുഷ്പങ്ങൾ

***'സത്യമായി ഞാൻ നിന്നോട് പറയുന്നു, ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും' (ലൂക്കോസ് 23: 43)***

അത്യസഹ്യമായ വേദനയിലും ആ വാക്കുകൾ ദിസ്മാസിന് പ്രത്യാശ പകർന്നു. അവൻ കണ്ണുയർത്തി ഗസ്റ്റസിനെ നോക്കി. അവനിപ്പോഴും വേദനകൊണ്ടലറുകയാണ്. പരിഹാസവും ശാപവാക്കുകളും മാത്രമാണ് അവന്റെ വായിൽനിന്നും വരുന്നത്.

യഹൂദ്യയിലെ ആ ചെറുഗ്രാമത്തിൽ വളർന്നുവരുമ്പോൾ ദിസ്മസും ഗസ്റ്റസും സുഹൃത്തുക്കളും സഹപാഠികളും മാത്രമായിരുന്നില്ല, അവർ കൂടപ്പിറപ്പുകളെപ്പോലെ തന്നെ ആയിരുന്നു. അവരുടെ ലക്ഷ്യവും ഒന്നായിരുന്നു, യിസ്രായേലിന്റെ വിമോചനം.

വൃദ്ധനും ജ്ഞാനിയുമായിരുന്ന ഗുരു യാക്കോബിന്റെ ശിഷ്യന്മാരായിരുന്നു അവർ. പ്രവാചകന്മാർ പറഞ്ഞിരുന്ന മശിഹയുടെ കാലം ആസന്നമായിരിക്കുന്നുവെന്ന് പറയുമ്പോൾ ആ വൃദ്ധന്റെ കണ്ണുകളിൽ വിളങ്ങിയ തിളക്കം അവർ കണ്ടതാണ്. അതുകൊണ്ടുതന്നെ അവരും മശിഹയുടെ വരവിനായി കാത്തിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ അടിമനുകത്തിനടിയിൽ കിടന്ന സകലരുടെയും പ്രതീക്ഷ മശിഹയിലായിരുന്നു. അവൻ വന്ന് റോമക്കാരെ തുരത്തും. നമ്മുടെ യിസ്രായേൽ പഴയ പ്രതാപത്തിലേക്ക് മടങ്ങും. അവർ അടിയുറച്ച് വിശ്വസിച്ചു.

കയ്യിലേന്തിപ്പിടിച്ച വാളുമായി മശിഹയോടൊപ്പം റോമക്കാരെ തുരത്തുന്ന സ്വപ്നം അവർ ദിനവും കണ്ടിരുന്നു. തങ്ങളുടെ കയ്യിലെ ആട്ടിടയന്റെ കോൽ ദൂരെയെറിഞ്ഞ് പടവാളെടുക്കുന്ന ദിവസത്തിനായവർ കാത്തിരുന്നു.

അങ്ങനെയിരിക്കെ ഒരുദിവസം ഗസ്റ്റസ് ഓടി ദിസ്മസിന്റെ വീട്ടിലെത്തി. 'ശീമോൻ വന്നിട്ടുണ്ട്' അണച്ചുകൊണ്ടാണവനത് പറഞ്ഞത്. 'ഏത് ശീമോൻ? എരിവുകാരനോ' ആവേശത്തോടെ ദിസ്മസ് ചോദിച്ചു. അതേ എന്ന് മറുപടി പറഞ്ഞുകൊണ്ട് ഗസ്റ്റസ് ശിമോന്റെ വീടിനെ ലക്ഷ്യമാക്കി ഓട്ടം തുടർന്നു. ദിസ്മസും പുറകേ കൂടി. റോമിനെതിരെ പടപൊരുതാൻ പോയ ധീരദേശാഭിമാനിയാണ് അവരെ സംബന്ധിച്ചിടത്തോളം ശിമോൻ. അവരിരുവരുടെയും ആരാധ്യപുരുഷൻ.

'ഞാനൊരു പുതിയ ഗുരുവിനെ കണ്ടെത്തി. നസ്രയനായ യേശു എന്നാണദ്ദേഹത്തിന്റെ പേര്', ശിമോൻ പറഞ്ഞു. അദ്ദേഹം നമുക്ക് വേണ്ടി പട നയിക്കുമോ? ഗസ്റ്റസ് ആവേശത്തോടെ ചോദിച്ചു. ശിമോൻ നിഷേധാർത്ഥത്തിൽ തലയാട്ടി. 'ഇല്ല! അദ്ദേഹം വ്യത്യസ്തനാണ്. അദ്ദേഹം പറയുന്നത് അനീതി കാണുമ്പോൾ ദൈവത്തിന്റെ നീതിക്കായി നാം വിശന്ന് ദാഹിക്കുന്നവരെപ്പോലെ കാത്തിരിക്കാനാണ്. നമ്മുടെ ഒരു കരണത്തടിക്കുന്നവർക്ക് മറ്റേതും കൂടെ കാട്ടിക്കൊടുക്കാനാണ്. അതുമാത്രമല്ല, ഏതെങ്കിലും റോമൻ പട്ടാളക്കാരൻ തന്റെ ഭാരം ഒരു നാഴിക ചുമക്കാൻ നമ്മെ നിർബന്ധിച്ചാൽ അത് അവർക്കായി രണ്ട് നാഴിക

ചുമക്കാനാണ്. വാളുകൊണ്ടല്ല, സ്നേഹം കൊണ്ടാണ് ലോകം ജയിക്കേണ്ടതെന്നാണ് യേശു പറയുന്നത്'

അതുകേട്ടപ്പോൾ ദിസ്മസിന് പുച്ഛമാണ് തോന്നിയത്. 'ഇതാണോ നിന്റെ മശിഹ?' ഉള്ളിൽ പതഞ്ഞുനുരയുന്ന അവജ്ഞ ആ വാക്കുകളിൽ വ്യക്തമായിരുന്നു. 'അടിമയെപ്പോലെ ജീവിക്കാൻ പഠിപ്പിക്കുന്ന ഒരു ഭീരുവാണോ യിസ്രായേലിന്റെ മശിഹ. അയാൾക്കെങ്ങനെ റോമിനെ തോല്പിക്കാനാവും?'

ശിമോന്റെ വീട്ടിൽനിന്നും നിരാശരായാണ് അവർ മടങ്ങിയത്. അവർക്ക് വേണ്ടിയിരുന്നത് രക്തം തിളപ്പിക്കുന്ന മറുപടികളായിരുന്നു.സമാധാനത്തിന്റെ മാർഗ്ഗം കീഴടങ്ങലിന്റേതാണ്, അവരുറപ്പിച്ചു.


കാലം കടന്നുപോയി. ഗസ്റ്റസും ദിസ്മസും ഇപ്പോൾ യുവാക്കന്മാരാണ്. അവർ അവരവരുടേതായ ലോകത്ത് തിരക്കിലാണ്. അങ്ങനെയിരിക്കെയാണ് അവരുടെ ജീവതത്തെ മാറ്റിമറിച്ച ആ സംഭവം നടന്നത്. അവരുടെ ഏറ്റവും പ്രിയപ്പെട്ടവനായിരുന്ന, ഗുരു യാക്കോബിനെ റോമൻ സൈന്യം രാജ്യദ്രോഹക്കുറ്റം ചുമത്തി പിടിച്ചുകൊണ്ടു പോയി വധിച്ചു എന്ന വാർത്ത നടുക്കത്തോടും വേദനയോടും കൂടെയാണവർ കേട്ടത്. ഗുരുവിന്റെ രക്തത്തിനു പകരം ചോദിച്ചേ മതിയാവൂ. അവർ തീരുമാനിച്ചു. പക്ഷേ എന്താണ് ചെയ്യാനാവുക എന്നതിനു മാത്രം അവർക്ക് വ്യക്തതയില്ലായിരുന്നു.

ഗുരു യാക്കോബിന്റെ രക്തത്തിന് പ്രതികാരം ചെയ്യാനിരുന്നവർ അവർ മാത്രമായിരുന്നില്ല. അധികം ദിവസം കഴിയുന്നതിനു മുമ്പേതന്നെ ബറബ്ബാസിന്റെ നേതൃത്വത്തിൽ ഒരുസംഘം ചെറുപ്പക്കാർ പതിയാക്രമണം നടത്തി, ഗുരു യാക്കോബിനെ പിടിച്ചുകൊണ്ടുപോയ റോമൻപട്ടാളക്കാരിൽ ചിലരെ വധിച്ചു കളഞ്ഞു. ഈ വാർത്ത കേട്ടപ്പോൾ ഗസ്റ്റസിനും ദിസ്മസിനുമുണ്ടായ സന്തോഷം വിവരണാതീതമായിരുന്നു. അവർ ബറബ്ബാസിനെ കണ്ടെത്തി. അവർ കാത്തിരുന്ന വിപ്ലവകാരിയുടെ എല്ലാ ഗുണങ്ങളും ബറബ്ബാസിനുണ്ടായിരുന്നു. 'പല്ലിനു പകരം പല്ല്; കണ്ണിനു പകരം കണ്ണ്' അതായിരുന്നു എറിവുകാരനായിരുന്ന അയാളുടെ നിയമം.

അവർക്കിരുവർക്കും പിന്നീടൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. അവരിരുവരും ബറബ്ബാസിന്റെ സംഘത്തിൽ ചേർന്നു. ആദ്യമൊക്കെ ആവേശമായിരുന്നു. പതിയിരുന്നുള്ള ആക്രമണങ്ങൾ, റോമൻപട്ടാളം തങ്ങളെ പേടിക്കുന്നു എന്നറിയുമ്പോഴുള്ള രോമാഞ്ചം. ജീവിതത്തിനൊരു ലക്ഷ്യം കൈവന്നതപ്പോഴാണെന്നവർക്കിരുവർക്കും തോന്നി. കുറഞ്ഞകാലംകൊണ്ടുതന്നെ അവരിരുവരും ബറബ്ബാസിന്റെ വിശ്വസ്തരായ അനുയായികളാവുകയും ചെയ്തു.

ഗസ്റ്റസിപ്പോൾ ബറബ്ബാസ് കഴിഞ്ഞാൽ അവരുടെ സംഘത്തിലെ രണ്ടാമനാണ്. ഒരു ദിവസം റോമിനെ തുരത്തി ബറബ്ബാസ് ഭരണം തുടങ്ങുമ്പോൾ രാജ്യത്തിൽ രണ്ടാമനാകുന്നതിനെക്കുറിച്ചാണവന്റെ സ്വപ്നം മുഴുവനും. ദിസ്മാസിന്റെ മനസ്സ് പക്ഷേ അസ്വസ്ഥമായിരുന്നു. കാലമിത്രയുമായിട്ടും രക്തച്ചൊരിച്ചലല്ലാതെ മറ്റൊന്നും നടക്കുന്നില്ല. അതിൽ പലതും ബറബ്ബാസിന്റെ അനുയായികളുടേതു തന്നെ ആയിരുന്നുതാനും. ചെറിയ തെറ്റിനുപോലും കടുത്തശിക്ഷയാണ് പലർക്കും ലഭിക്കുന്നത്. ബറബ്ബാസിന്റെ സംശയം മൂലം നിരപരാധികൾ പോലും കൊല്ലപ്പെടുന്നതിന് സാക്ഷിയാകേണ്ടിവന്നപ്പോൾ ദിസ്മാസിന്റെ മനസ്സ് വല്ലാതെ ആശങ്കപ്പെട്ടു. തന്നെയുമല്ല, തങ്ങളുടെ സംഘം നടത്തുന്ന ആക്രമണങ്ങൾ മൂലം റോം പരാജയപ്പെടുന്നില്ലെന്നതു കൂടാതെ, അതിനു പകരമായി റോമൻസൈന്യം പലപ്പോഴും ഇതിനൊന്നും നേരിട്ട് പങ്കെടുക്കാത്ത നിരപരാധികളെ ഉപദ്രവിക്കാൻ കാരണമാവുകയും ചെയ്തു. 'ഇതാണോ താൻ തേടുന്ന വിമോചനം?' അയാൾ സ്വയം ചിന്തിക്കാൻ തുടങ്ങി.

ബറബ്ബാസ് അസ്വസ്ഥനായിരുന്നു. തന്റെ സംഘക്കാരുടെയിടയിൽ വളർന്നുവരുന്ന അസംതൃപ്തി അയാൾ തിരിച്ചറിയുന്നുണ്ടായിരുന്നു. റോമാക്കാർക്കെതിരെയുള്ള പോരാട്ടത്തിൽ പുരോഗതിയൊന്നും ഉണ്ടാക്കാനാവുന്നില്ല എന്നതിലെ അപകടവും അയാൾ മനസ്സിലാക്കി. എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന അവസ്ഥയിലാണ് അത്യന്തം അപകടകരവും അപ്പോൾത്തന്നെ തനിക്ക് ജനമധ്യേയുള്ള സ്വാധീനം നിലനിർത്താൻ സഹായകരവുമായ ഒരു പദ്ധതി അയാളുടെ മനസ്സിൽ വന്നത്. 'ഇത് സാധ്യമായാൽ യരുശലേമിന്റെ അടുത്ത ഭരണാധികാരിയാണ് താൻ 'ബറബ്ബാസ് മനക്കോട്ട കെട്ടി. ***(തുടരും..)***



ബില്ലിഗ്രഹാം

# സത്യ സുവിശേഷം

**ബൈ**ബിൾസന്ദേശത്തിന്റെ കാതൽ രക്ഷയുടെ സുവിശേഷമാണ്. അത് ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും, കുരിശിലെ പാപപരിഹാര മരണത്തിലൂടെയും കൃപയാൽ മാത്രം ലഭ്യമാകുന്നതാണ്. രക്ഷ എപ്പോഴും സുവാർത്തയാണ്. ദൈവസ്നേഹത്തിന്റെയും ക്ഷമയുടെയും, ദൈവകുടുംബത്തിലേക്കുള്ള ദത്തെടുക്കലിന്റെയും, കൂട്ടായ്മയുടെയും, പാപത്തിന്റെ ശിക്ഷയിൽ നിന്നും, പാപത്തിന്റെ ശക്തിയിൽ നിന്നുമുള്ള മോചനത്തിന്റെയും വാർത്തയാണ്. അത് വീണുപോയ മനുഷ്യനെ വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയും മാർഗ്ഗനിർദേശവും ആകുന്നു. നമ്മുടെ ജീവിതത്തിലേക്ക് രക്ഷ കൊണ്ടുവരുന്നത് സുവിശേഷത്തിലൂടെ ആകുന്നു.

ഏറ്റവും ഹീനമായ പാപം ചെയ്യുന്നവർക്കും സുവിശേഷം വിശ്വസിച്ച് അനുസരിക്കുന്നതിലൂടെ ദൈവത്തെ സേവിക്കാനുള്ള പദവി കൈവരുന്നു. മാത്രമല്ല ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ പ്രത്യാശയും അവർക്കുണ്ടാകുന്നു. 'നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ' (മത്തായി 6:10) എന്ന് യേശു പഠിപ്പിച്ച പ്രാർത്ഥനയ്ക്കുള്ള ഉത്തരം.

'വീണ്ടുംജനന' അനുഭവത്തെ (യോഹന്നാൻ 3) നമുക്കുള്ള സമ്പത്തിനോടോ സ്ഥാനമാനങ്ങളോടോ കുടുംബ ശ്രേഷ്ഠതകളോടോ ഒന്നും ഒരിക്കലും താരതമ്യപ്പെടുത്താൻ കഴിയില്ല. രാജാധിരാജാവായ ദൈവത്തിന്റെ സന്നിധിയിൽ പ്രവേശിക്കുമ്പോൾ വിശ്വസിക്കുന്നവർക്ക് രക്ഷയുടെ സന്തോഷം ലഭിക്കുന്നു. ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയവും ചിന്തിച്ചിട്ടില്ലാത്തതും എന്നു തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ദൈവം അവിടത്തെ സ്നേഹിക്കുന്നവർക്കായി രക്ഷയുടെ പൂർണ്ണസന്തോഷം ഒരുക്കിവച്ചിരിക്കുന്നു! സുവിശേഷം അനുസരിക്കുന്നവർക്കു അത് ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു(1 കൊരിന്ത്യർ 2:9, 10). കൂടാതെ സ്വർഗ്ഗത്തിൽ നമുക്കായി ഒരു ഭവനം ഒരുക്കിയിരിക്കുന്നു, കാത്തിരിക്കുന്ന അനവധി പ്രതിഫലങ്ങളും(യോഹന്നാൻ 14:13; 1 പത്രോസ് 1:35). ദൈവത്തിന്റെ സുവിശേഷം എല്ലാവിധത്തിലും രക്ഷയുടെ സുവിശേഷം ആണെന്നതിൽ അതിശയിക്കാനില്ല.

നിർഭാഗ്യവശാൽ, ബൈബിൾ പ്രഖ്യാപിക്കുന്ന ആത്മരക്ഷയുടെ അർത്ഥം വളച്ചൊടിച്ച്, അത് ഈ ലോകജീവിതത്തിലെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക മേഖലകളിലെ നേട്ടങ്ങൾ മാത്രമാണ് എന്ന് പലരും വാദിക്കുന്നു. ബൈബിൾ പ്രതിപാദിക്കുന്ന രക്ഷ വളരെ ആഴമേറിയതാണ്. കാരണം അത് മനുഷ്യന്റെ യഥാർത്ഥ പ്രശ്നത്തിന്റെ ആഴത്തിലേക്ക് അതായതു പാപമെന്ന അടിസ്ഥാന പ്രശ്നത്തിലേക്ക് നയിക്കുന്നു.

മനുഷ്യഹൃദയത്തെ രൂപാന്തരപ്പെടുത്തുവാനും, അത്യാഗ്രഹവും വെറുപ്പും നീക്കി കരുണയും സ്നേഹവും നിറയ്ക്കുവാനും, ക്രിസ്തുവിന് മാത്രമേ കഴിയൂ. ദൈവത്തിന്റെ രക്ഷാപദ്ധതി ആളുകൾ മനസ്സിലാക്കണമെങ്കിൽ നാം എന്താണ് പ്രഖ്യാപിക്കേണ്ടത്? പുതിയനിയമത്തിൽ രക്ഷകനായി മാത്രമല്ല, കർത്താവായും യേശുവിനെ അംഗീകരിച്ച് സകല മനുഷ്യരെയും യേശുവിലേക്ക് തിരിയാൻ വിളിക്കുന്നു ഈ പ്രഖ്യാപനം.

**ഒന്നാമതായി:** എല്ലാവരും പാപികളാണെന്നും ദൈവത്തിന്റെ ന്യായവിധിക്കു കീഴിലാണെന്നും

സുവിശേഷം അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു(റോമർ 3:23). ഒരു വ്യക്തി ദൈവത്തിന്റെ പ്രീതി നേടാൻ താൻ നല്ലവനായാൽ മതിയെന്ന് ചിന്തിച്ചേക്കാം. എന്നാൽ നാമെല്ലാവരും ശിക്ഷിക്കപ്പെട്ടവരാണെന്നും പാപികളാണെന്നും ബൈബിൾ പറയുന്നു. പാപത്തിന് ഐഹികജീവിതത്തിലും നിത്യതയിലും ഭവിഷ്യത്തുകളുണ്ട്.

ഇത്ര വലിയ രക്ഷയെ നാം അവഗണിച്ചാൽ എങ്ങനെ രക്ഷപ്പെടും? (എബ്രായർ 2:3). ജോൺ വെസ്‌ലി പറഞ്ഞത്: കൃപ പ്രസംഗിക്കുന്നതിനു മുമ്പ് ന്യായപ്രമാണം പ്രസംഗിക്കണം എന്നാണ്. ആളുകൾക്ക് യേശുവിനെ തിരിച്ചറിയാൻ കഴിയുന്നതിനുമുമ്പ് അവർ ദൈവത്തിന്റെ നിയമം ലംഘിച്ചുവെന്ന് അറിഞ്ഞിരിക്കണം.

**രണ്ടാമതായി**: നമ്മുടെ രക്ഷ സാധ്യമാക്കാൻ ക്രിസ്തു എന്താണ് ചെയ്തതെന്ന് തിരിച്ചറിയേണ്ടതുണ്ട്. ദൈവം നമ്മെ സ്നേഹിക്കുന്നു, പാപമോചനവും രക്ഷയും സാധ്യമാക്കാനാണ് ക്രിസ്തു വന്നത്. അവിടുന്ന് എന്താണ് ചെയ്തത്? നമ്മുടെ പാപങ്ങൾക്കുള്ള പൂർണ്ണയാഗമായി കുരിശിൽ മരിച്ചു. നാം അർഹിക്കുന്ന ന്യായവിധി സ്വയം ഏറ്റെടുത്തു. സുവിശേഷം ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ കേന്ദ്രീകരിച്ചായിരിക്കണം.

**മൂന്നാമതായി**: ക്രിസ്തുവിലുള്ള ദൈവത്തിന്റെ പ്രവൃത്തിയോടുള്ള പ്രതികരണമായി വിശ്വസിക്കുന്ന ഒരു വ്യക്തി എന്തുചെയ്യണമെന്ന് ബോധ്യപ്പെടുത്തേണ്ടതുണ്ട്. ദൈവം തന്റെ കൃപയാൽ നമുക്ക് നിത്യജീവൻ ദാനമായി നൽകുന്നു. എന്നാൽ ഏതൊരു ദാനത്തെയും പോലെ, കൈനീട്ടി അത് സ്വീകരിക്കുമ്പോൾ മാത്രമേ അത് നമ്മുടേതാകൂ. നമ്മുടെ പാപങ്ങളെക്കുറിച്ച് നാം അനുതപിക്കണം. മാനസാന്തരം എന്നാൽ മനസ്സിന്റെ മാറ്റം എന്നാണർത്ഥം. അത് അനുതാപം, ദുഖം, ദൈവത്തിങ്കലേക്കു തിരിഞ്ഞുനടക്കൽ, മനംമാറ്റം എന്നിവയുടെ ആശയം ഉൾക്കൊള്ളുന്നു.

**നാലാമതായി**: ക്രിസ്തുവിന്റെ അടുക്കലേക്ക് വരുന്നതിനും ക്രിസ്തുവിനെ അനുഗമിക്കുന്നതിനുമുള്ള വില ഊന്നിപ്പറയണം. തന്നെ അനുഗമിക്കുന്നവരോട് യേശു അനുഗമനത്തിനുള്ള ചെലവ് കണക്കാക്കാൻ ആഹ്വാനം ചെയ്തു. മാനസാന്തരശേഷമുള്ള ക്രിസ്തീയജീവിതത്തിനു നാം നൽകേണ്ട ഒരു വിലയുണ്ട്. ഒരു വ്യക്തി തന്റെ വ്യക്തിപരമായ പാപങ്ങൾ ഉപേക്ഷിച്ച് അവയിൽ നിന്ന് പിന്മാറാൻ തീരുമാനിക്കണം. ചില വ്യക്തികൾ അങ്ങനെ ചെയ്യാൻ തയ്യാറായേക്കില്ല. ഒരു വ്യക്തി ക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിക്കുമ്പോൾ മറ്റ് സഹനങ്ങളും നഷ്ടങ്ങളും അതായത് കഷ്ടതയുടെ ക്രൂശു വഹിക്കുന്ന അനുഭവം ഉണ്ടായേക്കാം. യഥാർത്ഥ ശിഷ്യത്വത്തിന് ആത്യന്തികമായി കൊടുക്കേണ്ടി വരുന്ന വില സ്വയം ത്യജിക്കുന്നതിന്റെ വിലയാണ്. സ്വന്തം ഇച്ഛാശക്തി, സ്വന്തം പദ്ധതികൾ, സ്വന്തം പ്രചോദനങ്ങൾ എല്ലാ ത്യജിക്കുവാൻ തയ്യാറാകേണ്ടതാണ്. നമ്മുടെ നല്ല പ്രവൃത്തികളാൽ നാം രക്ഷിക്കപ്പെടുന്നില്ല. എന്നിരുന്നാലും വിശ്വാസത്തിലും അനുസരണത്തിലും ക്രിസ്തുവിനെ അനുഗമിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിന്റെ നാമത്തിൽ പ്രഖ്യാപിക്കുന്ന രക്ഷ ക്രൂശുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ട് കള്ളന്മാരുടെ ഇടയിൽ തൂങ്ങിക്കിടക്കുന്ന ദൈവപുത്രൻ പാപമില്ലാത്തവനായിരുന്നു. പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ ഇടപെടലിലൂടെ ആയിരുന്നു ക്രിസ്തുവിന്റെ കന്യകാജനനം (മത്തായി 1:20). യേശുവിൽ പാപകരമായ മനുഷ്യസ്വഭാവം ഇല്ലായിരുന്നു. താൻ ഒരു പാപവും ചെയ്തിട്ടില്ല (1 പത്രോസ് 2:21, 22; 2 കൊരിന്ത്യർ 5:20,21; എബ്രായർ 4:15). സകലത്തിലും പൂർണ്ണനായ ഏകശിശുവിനെ മറിയ പ്രസവിച്ചു, താൻ പൂർണ്ണമനുഷ്യനായിരുന്നു. മനുഷ്യവർഗ്ഗത്തിനായുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി നടപ്പിലാക്കാൻ അവിടുന്ന് യോഗ്യനായിരുന്നു.

റോമൻ ഭരണാധികാരികൾ വധശിക്ഷകൾക്ക് ഉപയോഗിച്ചിരുന്ന നൂറുകണക്കിന് മറ്റ് കുരിശുകളിൽ നിന്ന് കാൽവറി കുരിശ് ഇത്ര സവിശേഷമായത് എന്തുകൊണ്ട്? കാരണം, നാമെല്ലാവരും അർഹിക്കുന്ന പാപത്തിന്റെ ശിക്ഷ യേശു ആ കുരിശിലനുഭവിച്ചു. യേശു നമ്മുടെ പകരക്കാരനായിരുന്നു. നമ്മുടെ പാപപ്രകൃതിയും പാപപ്രവൃത്തികളും, നാം അർഹിക്കുന്ന ന്യായവിധിയും ശിക്ഷാവിധിയും യേശു അനുഭവിച്ചു. എന്തെന്നാൽ, പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് ദൈവം നമുക്കുവേണ്ടി പാപമാക്കി (2 കൊരിന്ത്യർ 5:21). ഇതാണ് ഞങ്ങൾ പ്രസംഗിക്കുന്ന സത്യസുവിശേഷം. •

### കെ.വി. ഐസക് രചിച്ച

# ‘ഈ ഗേഹം വിട്ടുപോകിലും’

### എന്ന ഗാനത്തിന്റെ പശ്ചാത്തലം

നമ്മുടെ തോമസേട്ടൻ മരിച്ചു, ആരോ ഓടിവന്നു പറഞ്ഞ മരണവാർത്ത കേട്ട് ഐസക് സഹോദരൻ വളരെ ദുഖിതനായി. തന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. സ്വന്തം മാതാവ് ഉൾപ്പെടെ പലരുടെയും മരണം കണ്ടിട്ടുണ്ടെങ്കിലും അതിനേക്കാളും ഏറെ ദുഖവും വേദനയും ഉളവാക്കിയ ഒരു മരണമായിരുന്നു തോമസ് ചേട്ടന്റേത്. ഈ ഭൂമിയിൽ മറ്റാരെക്കാളും അധികം താൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നു പ്രിയ തോമസ് സഹോദരൻ. തിരിച്ചും അപ്രകാരം തന്നെ ആയിരുന്നു. സുവിശേഷവേലയ്ക്കായി വേർതിരിഞ്ഞ സമയത്ത് പല നിലകളിൽ സഹപ്രവർത്തകരും സഹോദരങ്ങളും, തന്നെ വേദനിപ്പിച്ച വേളകളിൽപ്പോലും പിതൃസ്നേഹത്തോടെ തന്നെ കരുതുകയും പ്രോത്സാഹിപ്പിക്കുകയും സന്ദർശിക്കുകയും ചെയ്ത എത്രയോ സന്ദർഭങ്ങളും അനുഭവങ്ങളും തന്റെ സ്മരണയിൽ പച്ചപ്പോടെ നിൽക്കുന്നുണ്ടായിരുന്നു. ആ ഓർമ്മകളാണ് തന്നെ ദു:ഖത്തിൽ നിന്ന് ദു:ഖത്തിലേക്ക് ആഴ്ത്തിക്കളഞ്ഞത്.


മരണവാർത്ത അറിഞ്ഞ നിമിഷം മുതൽ സെമിത്തേരിയിൽ അടക്കുന്ന രംഗം വരെയും താൻ അവിടെ ഉണ്ടായിരുന്നു. ഓരോ നിമിഷവും പഴയകാല സ്മരണകൾ തന്റെ ഹൃദയത്തിൽ ഉയർന്നുകൊണ്ടിരുന്നു. ശവസംസ്കാര ശുശ്രൂഷയിൽ ഉയർന്നു കേട്ട പ്രത്യാശാസന്ദേശങ്ങളും, കർത്താവിന്റെ കാഹളനാദത്തിൽ മരിച്ചവർ ഉയിർക്കും എന്നു നേരത്തെ ഗ്രഹിച്ചിരുന്നതും, ആ നല്ല നാളിലെ സമാഗമനത്തെ മുൻകണ്ടുകൊണ്ട് ഹൃദയത്തിൽ പ്രത്യാശയുടെ വചനങ്ങൾ നിറയ്ക്കുകയും ചെയ്തപ്പോൾ, സ്വയം ആശ്വസിപ്പിച്ചുകൊണ്ട് പാടിയതാണ് **‘ഈ ഗേഹം വിട്ടുപോകിലും’** എന്ന് ആരംഭിക്കുന്ന മനോഹരമായ ഗാനം. ***‘കർത്തൻ കാഹളനാദത്തിൽ ഒത്തുചേർന്നിടും നാമന്നു’*** ഓരോ ചരണത്തിലും ആവർത്തിച്ചു പാടത്തക്ക വിധം പ്രാധാന്യമുള്ളതായി കാണാനായത് തന്റെ ദു:ഖനിവാരണത്തിന് സഹായകമായി.

വീണ്ടും കാണാം എന്ന പ്രത്യാശയിൽ സെമിത്തേരിയിൽ നിന്ന് പിരിയുമ്പോൾ, മടക്കയാത്രയിൽ ബസ്സിൽ വച്ച് അദ്ദേഹം ഇപ്രകാരം പാടി: ‘കോടാകോടി ശുദ്ധരായി... പ്രിയൻ കൂടെ വാഴുവാൻ... കർത്തൻ കാഹള നാദത്തിൽ ഒത്തുചേർന്നിടും നാമന്ന്...’ ബാക്കി വരികൾ അദ്ദേഹം പൂർത്തിയാക്കിയത് വീട്ടിൽ ചെന്നശേഷം വിശുദ്ധന്മാരുടെ വേർപാടും, ഭൂമിയിൽ ജീവനോടിരിക്കുന്നവരുടെ വിരഹദുഖവും എന്നിത്യാദി കാര്യങ്ങൾ ചിന്തിച്ചിരിക്കവേ ആയിരുന്നു. കാലങ്ങൾ അനവധി കഴിഞ്ഞെങ്കിലും അനേകരെ പ്രത്യാശയിൽ നിലനിർത്തുന്നു ഈ ഗാനം. •

## *പ്രത്യേക ശ്രദ്ധയ്ക്ക്*

***പ്രതീക്ഷിച്ചതിനു വിരുദ്ധമായി തപാൽ ചിലവ് പതിനാറിരട്ടിയായി വർദ്ധിച്ചു. അതോടൊപ്പം മറ്റിതര ചിലവുകളും വർദ്ധിച്ച സാഹചര്യത്തിൽ വരിസംഖ്യ പ്രതിവർഷം 350 രൂപയായി വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. ആകയാൽ 2026 ജനുവരി മുതൽ വാർഷിക വരിസംഖ്യ 350 രൂപയായി വർദ്ധിപ്പിച്ചു എന്നത് ഞങ്ങളുടെ മാന്യവരിക്കാരെ അറിയിച്ചു കൊള്ളുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഈ ശുശ്രൂഷയിൽ തുടർന്നും ഞങ്ങൾക്ക് പിൻബലമായി നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.***





പി വി  വർഗീസ്

# മാനസികവളർച്ചയ്ക്ക് സ്നേഹവും തലോടലും

**കു**ഞ്ഞുങ്ങളെ വളർത്തുന്നതിൽ മാതാപിതാക്കൾ വ്യത്യസ്തരും വിവിധ രീതി അവലംബിക്കുന്നവരുമാണ്. നിർഭാഗ്യവശാൽ നല്ലൊരു പങ്കു മാതാപിതാക്കൾക്കും യാതൊരുവിധ പരിശീലനമോ അവബോധമോ ലഭിച്ചിട്ടില്ലാത്തവർ ആയിരിക്കും. കുഞ്ഞുങ്ങളുടെ 5, 6 വയസ്സിനുള്ളിൽ അവരുടെ മനസ്സ് എങ്ങനെ രൂപപ്പെടുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും അവരുടെ മനോഭാവം രൂപപ്പെടുന്നത്. ഒന്നും എഴുതാത്ത ഒരു ബോർഡ് പോലെയാണ് കുഞ്ഞുങ്ങളുടെ മനസ്സ്. മാതാപിതാക്കളുടെ വാക്കുകളും പ്രവൃത്തിയും മാതൃകയും ആ ഇളം മനസ്സിൽ പതിയുന്നു. വളരുന്ന പ്രായത്തിൽ ആരോഗ്യമുള്ള മനസ്സ് അവരിൽ രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾക്കും മറ്റു മുതിർന്നവർക്കും വളരെ സുപ്രധാനമായ പങ്കു വഹിക്കുവാനുണ്ട്. ശാരീരിക വളർച്ചയ്ക്ക് പോഷകാഹാരം എത്രത്തോളം പങ്കു വഹിക്കുന്നുവോ അതുപോലെതന്നെ മാനസികവളർച്ചയ്ക്ക് സ്നേഹവും തലോടലും പ്രോത്സാഹനങ്ങളും ധൈര്യപ്പെടുത്തുന്ന വാക്കുകളും അനിവാര്യമാണ്.

മരണത്തിന്റെയും ജീവന്റെയും അധികാരം നാവിന്മേലുണ്ട് എന്ന് വചനം പറയുന്നു. നാം അവർക്കു നൽകുന്ന ഉത്തേജിപ്പിക്കുന്ന വാക്കുകൾ, ദൈവാശ്രയം, കരുതൽ, ധൈര്യം എന്നിങ്ങനെയുള്ള ഘടകങ്ങൾ കുഞ്ഞുങ്ങളുടെ മനസ്സിനെ വളരെ ക്രിയാത്മകമായ വിധം രൂപപ്പെടുത്തുന്നു. ഈവിധം കുഞ്ഞുങ്ങളെ വളർത്താനായാൽ വിജയകരവും അർത്ഥപൂർണ്ണവും സാഹചര്യങ്ങളെ അതിജീവിച്ച് വളരുവാൻ ഉതകുന്ന ആരോഗ്യമുള്ള മനസ്സുമായിരിക്കും അവർക്കു ലഭിക്കുക.

ചില മാതാപിതാക്കൾ കടുംപിടിത്തക്കാരും പട്ടാളച്ചിട്ടയിൽ ഇടപെടുന്നവരുമെങ്കിൽ കുഞ്ഞുങ്ങൾ മനസ്സിൽ വിദ്വേഷവും പകയും ഉള്ളവരാകാനിടയുണ്ട്. നിയന്ത്രണങ്ങൾ ആവശ്യമെങ്കിലും അവരിൽ വിരുദ്ധമനോഭാവം രൂപപ്പെടാതെ വളരെ കരുതലോടും കാര്യകാരണങ്ങൾ ബോധ്യപ്പെടുത്തിയും സമീകൃതമായ തരത്തിലും ആയിരിക്കണം കുഞ്ഞുങ്ങളെ ശിക്ഷിക്കുന്നത്. അത് അവരുടെ പ്രയോജനത്തിനായി ഭവിക്കണമെങ്കിൽ വളരെ ശ്രദ്ധയോടും സ്നേഹത്തോടും ആയിരിക്കണം.  അല്ലാത്തപക്ഷം ഗുണത്തിന് പകരം ദോഷമായിരിക്കും ഫലം. സ്നേഹം ലഭിക്കാതെ വളരുന്ന കുഞ്ഞുങ്ങൾക്ക് എങ്ങനെ മറ്റുള്ളവരെ സ്നേഹിക്കാനാവും?

മറ്റുചിലർ കുഞ്ഞുങ്ങളുടെ ഇഷ്ടത്തിന് യാതൊരു നിയന്ത്രണവുമില്ലാതെ  വഴങ്ങുന്നവരായിരിക്കും. തിരുത്തൽ ആവശ്യമുള്ള അവസരങ്ങളിൽ അത് ലഭിക്കാതെ പോയാൽ

ഭാവിയിൽ തിരുത്തുവാൻ കഴിയാത്ത ദു:സ്ഥിതി വന്നു ചേരാം. 'തല്ലും തലോടലും' എന്ന ചൊല്ല് പോലെ തിരുത്തലിനു ശിക്ഷ ആവശ്യമെങ്കിൽ ശിക്ഷയും, അതിനെ മറികടക്കുവാൻ സ്നേഹത്തിന്റെ തലോടലും ലഭ്യമാക്കണം. അല്ലാത്തപക്ഷം ശാഠ്യവും വാശിയും അവരിൽ രൂപപ്പെടും. അതേസമയം, കോപം തീർക്കുവാൻ ആയിരിക്കരുത് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്നത്. ചിലർ കോപം അടങ്ങുന്നതുവരെ മൃഗീയമാം വിധം മര്യാദയുടെ അംശം പോലുമില്ലാതെ ശിക്ഷിക്കുന്നു. ഇത് കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ സൗഖ്യമാകാൻ അസാധ്യമാം വിധമുള്ള മുറിവുകൾ രൂപപ്പെടുത്തുകയും തത്ഫലമായി കൈപ്പും വെറുപ്പും മനസ്സിലും, കൂടാതെ ശരീരത്തിൽ നിലനിൽക്കുന്ന ചതവും വേദനയും ഉളവാക്കയും ചെയ്യും. ഭാവിയിൽ വലിയ ഭവിഷ്യത്ത് നേരിടേണ്ടിയും വരും.

'നീ ഒരുകാലത്തും ഗുണം പിടിക്കയില്ല' എന്നിങ്ങനെയുള്ള ശാപവാക്കുകൾ ദൂരവ്യാപകമായ ദോഷഫലങ്ങൾക്കു കാരണമാകും. 'ഞാൻ ഗുണം പിടിക്കയില്ല' എന്ന് കുഞ്ഞ് തന്റെ മനസ്സിലുറപ്പിക്കുകയുംസാമൂഹ്യവിരുദ്ധതയിലേക്കു നയിക്കപ്പെടുകയും ചെയ്യാം. എന്നാൽ ദൈവാശ്രയം ഉള്ള കുഞ്ഞുങ്ങളാണെങ്കിൽ അവരെ ദൈവം സഹായിക്കും. അതായത് എന്റെ മാതാവോ പിതാവോ അല്ല എന്റെ ഭാവി നിർണ്ണയിക്കുന്നത് എന്ന് ബോധ്യപ്പെട്ട്, സകലത്തെയും നന്മക്കായി വ്യാപരിപ്പിക്കുന്ന എന്റെ ദൈവം എനിക്ക് അനുഗ്രഹീതമായ വിധം എന്റെ ഭാവി സുരക്ഷിതമാക്കും, അതിനായി ഞാൻ എന്നെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു എന്ന് പ്രാർത്ഥിച്ച് ശാപവാക്കുകളെ ജയിക്കുവാൻ കഴിയും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും എന്ന് ദാവീദ് പറയുന്നതുപോലെ ദൈവസഹായത്താൽ പ്രതിസന്ധികളെ ജയിക്കുവാൻ പ്രാപ്തരാകും.

മറ്റുചിലർ കുഞ്ഞുങ്ങൾ മുതിർന്നുകഴിഞ്ഞാൽപ്പോലും അവർക്കു ഓവർ പ്രൊട്ടക്ഷൻ ആവശ്യമെന്നു ധരിച്ച് അമിതമായ കരുതലും നിർദ്ദേശങ്ങളും നൽകുവാൻ വെമ്പൽ കൊള്ളുന്നവരും ആയിരിക്കും. അവർ ഒന്നിനും പ്രാപ്തരല്ല എന്ന തരത്തിൽ കുഞ്ഞുങ്ങളെ വിലയിരുത്തുന്നത് അവരുടെ ആത്മധൈര്യത്തെ കെടുത്തുകയും അലസതയിലേക്കു നയിക്കുകയും ചെയ്യും. വാത്സല്യം എന്ന് കരുതി പ്രവർത്തിക്കുന്നത് വിരുദ്ധഫലം ഉളവാക്കും. ചില കുഞ്ഞുങ്ങൾ മാതാപിതാക്കളോട് മറുതലിച്ച് കുടുംബ സമാധാനം ഇല്ലാതാക്കയും ചെയ്യുന്നു.

**....അതിനെ മറികടക്കുവാൻ സ്നേഹത്തിന്റെ തലോടലും ലഭ്യമാക്കണം. അല്ലാത്തപക്ഷം ശാഠ്യവും വാശിയും അവരിൽ രൂപപ്പെടും. അതേസമയം, കോപം തീർക്കുവാൻ ആയിരിക്കരുത് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്നത്.**

ഇനി മറ്റുചിലർ, കുഞ്ഞുങ്ങളുടെ ഉറ്റചങ്ങാതികളെ പോലെ അവരോടു വളരെ ഹൃദ്യമായി ഇടപെടുന്നവരും, അവരുടെ എന്തുസംശയങ്ങളും ആവശ്യങ്ങളും ശ്രദ്ധയോടെ കേൾക്കുന്നവരും, കൃത്യമായ മറുപടിയും ഗൈഡൻസും നൽകി മാനസിക ആരോഗ്യമുള്ളവരായി വളരുവാൻ സഹായിക്കുന്നവരും ആയിരിക്കും. ഏറ്റവും മാതൃകാപരമായ ഒരു പരിപാലന രീതിയാണിത്. മനസ്സിൽ ആകാംഷ നിറഞ്ഞ കുഞ്ഞുങ്ങൾ ഒട്ടും പ്രതീക്ഷിക്കാത്ത സംശയങ്ങൾ ചോദിക്കുക സ്വാഭാവികമാണ്. പല മാതാപിതാക്കൾക്കും ഉത്തരം നൽകുവാൻ വിമുഖതയുളവാക്കുന്ന ഇത്തരം ചോദ്യങ്ങൾക്ക് അവർക്കുൾക്കൊള്ളുവാനാവുന്ന തരത്തിൽ ശാന്തമായി മറുപടി നൽകി ബോധവൽക്കരിക്കണം. അല്ലാത്തപക്ഷം അവരെ വഴി തെറ്റിക്കുന്ന കൂട്ടുകാരോട് ഇത്തരം ചോദ്യങ്ങൾ ചോദിക്കുവാനും വഴിതെറ്റുന്ന അവസ്ഥ ഉണ്ടാകുവാനും സാധ്യതയുണ്ട്.

'പിതാക്കന്മാരെ നിങ്ങളുടെ മക്കളെ പ്രകോപിപ്പിക്കരുത്; അവരെ ശിക്ഷണത്തിലും കർത്താവിന്റെ സദുപദേശത്തിലും വളർത്തുക' (എഫെസ്യർ 6:4). അച്ചടക്കം സംബന്ധിച്ച് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക എന്നതാണ് ശിക്ഷണം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. പിതാക്കന്മാരോടാണ് ഇത് പറഞ്ഞിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നുവച്ചാൽ അമ്മമാർക്ക് യാതൊരു ഉത്തരവാദിത്തവും ഇല്ലെന്നല്ല. പിതാക്കന്മാരെ എന്ന സംബോധനയിൽ മാതാക്കളും ഉൾപ്പെട്ടിട്ടുണ്ട്. കുഞ്ഞുങ്ങളെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും വളർത്തുക എന്ന കർത്തവ്യനിർവ്വഹണത്തിനായി എല്ലാ മാതാപിതാക്കളെയും ദൈവം പ്രാപ്തരാക്കട്ടെ. •



ഷാജി ഉമ്മൻ

# ട്രാക്ക് മാറ്റിയ കൂടിക്കാഴ്ച

*ജനുവരി ലക്കത്തിൽ നിന്നും ഉള്ള തുടർച്ച...*

**ദൈ**വമുണ്ടെങ്കിൽ ആ ദൈവം എപ്രകാരമുള്ള ദൈവമായിരിക്കും? ഇന്നേവരെ എനിക്ക് കാണുവാനോ കേൾക്കുവാനോ കഴിഞ്ഞിട്ടില്ല. പിന്നെ എങ്ങനെ ഞാൻ ദൈവത്തെ മനസ്സിലാക്കും? കിരണിന്റെ ന്യായമായ ആ ചോദ്യത്തിനു മുമ്പിൽ അല്പസമയം ചിന്തിച്ചശേഷം ഞാൻ തുടർന്നു.

'ദൈവം സർവ്വശക്തൻ ആയിരിക്കണം, സർവ്വവ്യാപിയായിരിക്കണം, സർവ്വജ്ഞാനിയായിരിക്കണം. അതായത് എനിക്ക് കഴിയാത്തത് ചെയ്യാൻ കഴിവുള്ള സത്ഗുണസമ്പൂർണ്ണനായിരിക്കണം. എന്റെ ചിന്തകൾ പോലും മുൻകൂട്ടി അറിയാൻ കഴിയുന്ന സർവ്വജ്ഞാനിയായിരിക്കണം ദൈവം. ഈ ഗുണവിശേഷങ്ങളുണ്ടെങ്കിലല്ലേ ദൈവം ദൈവമാവുകയുള്ളൂ. അതുമാത്രം പോരാ, ദൈവം നീതിമാനും പരിശുദ്ധനും ആയിരിക്കണം. ഈ ഗുണഗണങ്ങൾ എല്ലാം ഉണ്ടെങ്കിലും നമ്മെ ദൈവം സ്നേഹിക്കുന്നില്ല എങ്കിൽ നമുക്ക് എന്ത് പ്രയോജനം? അപ്പോൾ ആ ദൈവം നമ്മെ സ്നേഹിക്കുന്ന ഒരു ദൈവം കൂടെ ആയിരിക്കണം. അങ്ങനെയെങ്കിൽ ആ ദൈവം നമ്മുടെ സ്നേഹവും ആഗ്രഹിക്കുന്നില്ലേ? എന്നാൽ എത്രപേർ ദൈവത്തെ സ്നേഹിക്കുന്നുണ്ട്? ഭൂരിപക്ഷംപേരും ഭയം മൂലം ദൈവത്തെ ആരാധിക്കുന്നു. അവർക്ക് ഭക്തി കാണും, ഭയം കാണും, ബഹുമാനം കാണും. എന്നാൽ സ്നേഹമെന്ന ഒരു ഘടകം കാണുകയില്ല. സ്നേഹം വെറുതെ ഉണ്ടാകുന്ന ഒന്നല്ല. നമുക്ക് വേണ്ടി ദൈവം എന്ത് ചെയ്തു എന്നറിഞ്ഞെങ്കിൽ മാത്രമല്ലേ നമുക്ക് ആ ദൈവത്തെ സ്നേഹിക്കാൻ പറ്റുകയുള്ളൂ'.

'ചേട്ടൻ പറഞ്ഞത് ശരിയാണ്, പലരും ആരാധനാലയങ്ങളിൽ പോകുന്നത് ഭയന്നിട്ടാണ്. അനുഗ്രഹം കിട്ടിയില്ലെങ്കിലോ, എന്തെങ്കിലും ശാപം കേറി വന്നെങ്കിലോ എന്നുള്ള ഭയത്താൽ മാത്രമാണ്. എന്നും കാണുന്ന കൂട്ടുകാരെയോ, അയൽക്കാരെയോ പോലും സ്നേഹിക്കാൻ പറ്റാത്ത എനിക്ക്, കണ്ടിട്ടോ കേട്ടിട്ടോ അറിഞ്ഞിട്ടോ ഇല്ലാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കാൻ പറ്റും?' നിസ്സഹായതയോടെയാണെങ്കിലും കിരൺ പറഞ്ഞത് ഒരു വലിയ യാഥാർത്ഥ്യമായിരുന്നു.

'മോനെ, നിന്നെ ഞാൻ ആദ്യമായിട്ടാ കാണുന്നത്. ഈ ചെറുപ്പക്കാരനെ നീ സ്നേഹിക്കണം എന്ന് ഒരു സർക്കാർ ഓർഡർ എന്റെ കയ്യിൽ കിട്ടിയാലും, എനിക്ക് നിന്നെ സ്നേഹിക്കാൻ പറ്റുകയില്ല. കാരണം നമ്മൾ വെറും മനുഷ്യരാണ്. എന്നാൽ എനിക്ക് വലിയ ഒരു അപകടം പറ്റിയെന്നിരിക്കട്ടെ. ഉദാഹരണത്തിന് ഞാനൊരു വലിയ തീയിൽ അകപ്പെട്ടു ആരും എന്നെ രക്ഷിക്കാൻ വരുന്നില്ല. എന്റെ നിലവിളി കേട്ട്, ഈ ചെറുപ്പ

ക്കാരൻ സ്വന്തം ജീവൻ പണയം വെച്ച് എന്നെ രക്ഷിച്ചു എന്നിരിക്കട്ടെ. എനിക്ക് മോനോട് വലിയൊരു സ്നേഹം ഉണ്ടാവും. അത് എന്റെ അവസാനശ്വാസം വരെയും ഉണ്ടായിരിക്കും. അതായത് നമുക്കൊരു കാരണമുണ്ടെങ്കിലല്ലേ ഒരാളെ സ്നേഹിക്കാൻ പറ്റുകയുള്ളൂ? അതുപോലെ ദൈവത്തെ എനിക്ക് സ്നേഹിക്കണം എങ്കിൽ ആ ദൈവം എനിക്ക് എന്തു ചെയ്തു എന്നറിഞ്ഞെങ്കിൽ മാത്രമല്ലേ സ്നേഹിക്കാൻ കഴിയൂ?' കിരണിന് വ്യക്തമായി സുവിശേഷം ഗ്രഹിക്കുവാൻ വേണ്ടി ഞാൻ ഇങ്ങനെ ഒരു ഉദാഹരണം പറഞ്ഞു.

'കിരൺ, ദൈവം ഉണ്ടെന്ന് നീ വിശ്വസിക്കുകയാണെങ്കിൽ അത് 100% തന്നെ വിശ്വസിക്കണം. ബൈബിളിൽ ഇങ്ങനെ ഒരു വാക്യമുണ്ട്. ശീതോഷ്ണവാനെ ഞാൻ വെറുക്കുന്നു എന്ന്. അതായത് പച്ചവെള്ളവും ചൂടുവെള്ളവും നല്ലതാണ്. എന്നാൽ വാട്ടവെള്ളം നമ്മുടെ വയറിന് പ്രശ്നമുണ്ടാക്കുന്നതുപോലെ, ദൈവം ഉണ്ടെന്നു വിശ്വസിക്കുകയും എന്നാൽ ദൈവഹിതപ്രകാരം ജീവിക്കാതെയും ഇരിക്കുമ്പോൾ അവൻ ദൈവത്തിന് അസ്വസ്ഥത ഉണ്ടാക്കുകയാണ്. അങ്ങനെയെങ്കിൽ ദൈവം ഉണ്ടെന്ന് വിശ്വസിക്കുന്ന ഒരാൾ മറ്റ് ചിലതും കൂടെ വിശ്വസിക്കണം. സ്വർഗ്ഗമുണ്ട്, നരകമുണ്ട്, മനുഷ്യന് ആത്മാവുണ്ട്, വഴിതെറ്റിക്കുന്ന സാത്താനുണ്ട് എന്നൊക്കെ. മരണമുണ്ടെന്ന് പ്രത്യേകം വിശ്വസിപ്പിക്കേണ്ട കാര്യമില്ല. ഒരാൾ ജനിച്ചാൽ മരിച്ചേ മതിയാകൂ. എന്നാൽ മരണമെന്ന കവാടത്തിനപ്പുറം രണ്ടേ രണ്ട് സ്ഥലങ്ങളേയുള്ളൂ. ഒന്നുകിൽ സ്വർഗ്ഗം, അല്ലെങ്കിൽ നരകം. സ്വർഗ്ഗത്തിൽ പോയില്ലെങ്കിലും കുഴപ്പമില്ല എന്ന് പറയുന്ന ആളിന് നരകത്തിൽ പോയാൽ കുഴപ്പമില്ല എന്ന് പറയാൻ പറ്റുമോ?' എന്റെ ചോദ്യം കേട്ട് കിരൺ ഒന്ന് പരുങ്ങി.

'ശരിയാ ചേട്ടാ, ഇവിടുത്തെ കഷ്ടപ്പാട് തന്നെ താങ്ങാൻ പറ്റുന്നില്ല. പിന്നെയല്ലേ നരകത്തിലെ കഷ്ടതകൾ. ഒരു സെക്കൻഡ് പോലും തീയുടെ മുകളിൽ കൈ പിടിക്കാൻ പറ്റുന്നില്ല; അപ്പോൾ കെടാത്ത തീയുള്ള നരകത്തെക്കുറിച്ച് എങ്ങനെ ചിന്തിക്കാൻ കഴിയും?'

'അതെ കിരൺ, ഞാൻ കുറച്ചു കൂടി വ്യക്തമാക്കാം. നാം വസിക്കുന്ന ഈ മനോഹരമായ ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, സസ്യങ്ങൾ, മൃഗങ്ങൾ, എല്ലാം, ഉണ്ടാകട്ടെ എന്ന് ദൈവം പറഞ്ഞപ്പോൾ ഉണ്ടായി. മനുഷ്യനും ഉണ്ടാകട്ടെ എന്ന് പറഞ്ഞാൽ തീർച്ചയായും ഉണ്ടാകുമായിരുന്നു. എന്നാൽ മനുഷ്യനെ ദൈവം ദൈവത്തിന്റെ കരം കൊണ്ട് തന്നെ മണ്ണിൽ നിന്ന് മെനഞ്ഞ് ഉണ്ടാക്കിയതായാണ് ബൈബിളിൽ പറയുന്നത്. എന്തുകൊണ്ടാണ് ദൈവം അങ്ങനെ മനുഷ്യനെ സൃഷ്ടിച്ചത്? മനുഷ്യന്റെ കൈപ്പണിയായ ഒരു ആലയത്തിൽ ദൈവം വസിക്കാൻ ആഗ്രഹിക്കുന്നില്ല. ദൈവത്തിനു വസിക്കാനുള്ള ആലയത്തെ ദൈവത്തിന്റ കരങ്ങൾ കൊണ്ടുതന്നെ അന്ന് അവിടെ ഉണ്ടാക്കുകയായിരുന്നു. അതെ, ദൈവം വസിക്കാൻ ആഗ്രഹിക്കുന്ന ഒരേയൊരു ആലയം നമ്മുടെ ഉള്ളം തന്നെയാണ്. ആദമിനെയും ഹവ്വയെയും സൃഷ്ടിച്ച ദൈവം എല്ലാദിവസവും വെയിൽ ആറുമ്പോൾ അവരോടൊപ്പം നടക്കുവാൻ വരുമായിരുന്നു. അവരുടെ നിഷ്കളങ്കമായ സംസാരം കേൾക്കാൻ ആഗ്രഹിക്കുന്ന, കൂടെ നടക്കാൻ ആഗ്രഹിക്കുന്ന ഒരു ദൈവം. ആ ദൈവം നമ്മുടെ സ്നേഹം ആഗ്രഹിക്കുന്നു. ഞാൻ മുമ്പ് പറഞ്ഞതുപോലെ ഭൂരിപക്ഷം ജനങ്ങളും ദൈവത്തെ അന്വേഷിച്ചു പലയിടത്തും പോകുന്നുണ്ട്. അവർക്കു ഭയം ഉണ്ട്, ഭക്തിയുണ്ട്. എന്നാൽ സ്നേഹം; അത് അങ്ങനെ വെറുതെ ഉണ്ടാകുന്ന ഒന്നല്ലല്ലോ. സ്നേഹമില്ലാത്ത ഭയവും ഭക്തിയും ദൈവത്തിനു എന്തിനാണ്? ഉദാഹരണത്തിന്, ഞാൻ ഓഫീസിൽ നിന്നും വീട്ടിലേക്കു പോകാൻ ധൃതി വയ്ക്കുന്നത്, സ്നേഹിക്കുന്നവർ എന്നെ പ്രതീക്ഷിച്ച് വീട്ടിൽ ഉണ്ട് എന്ന ബോധ്യത്തിലാണ്. എന്നാൽ ഇങ്ങനെ ഒന്ന് ചിന്തിച്ചേ, അവർക്കു സ്വല്പം പോലും സ്നേഹമില്ല എന്നിരിക്കട്ടെ. എങ്കിൽ, എനിക്ക് വീട്ടിലേക്കു പോകാൻ ഉത്സാഹം കാണുമോ? ഏതെങ്കിലും ഹോട്ടലിൽ ചെന്നാൽ എത്ര ബഹുമാനത്തോടെ ആണ് അവിടെയുള്ള വെയ്റ്റർ ചായ തരുന്നത്. എനിക്ക് അത്രമാത്രം ബഹുമാനം കിട്ടിയില്ലെങ്കിലും, എന്നോട് എന്റെ വീട്ടിലുള്ളവർക്കു സ്നേഹം ഉണ്ട് എന്നറിയുന്നതല്ലേ എനിക്ക് ഏറ്റവും സന്തോഷം? ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഇപ്രകാരം സ്നേഹം ആഗ്രഹിക്കുന്നുവെങ്കിൽ, തീർച്ചയായും ദൈവവും നമ്മിൽ നിന്ന് സ്നേഹം ആഗ്രഹിക്കുന്നുണ്ട്. സ്നേഹമില്ലാത്ത ഭക്തിയും ഭയവും ബഹുമാനവും ആർക്കു വേണം?

'ചേട്ടൻ പറയുന്നതിൽ വാസ്തവം ഉണ്ട്.

പലരും സ്നേഹത്തിന്റെ കണിക പോലുമില്ലാതെയാണ് ദൈവത്തെ വണങ്ങുന്നത്. ഭൗതീക കാര്യങ്ങൾ ലഭിക്കുന്നതിന് ഉപാധിയായാണ് പലരും ദൈവത്തെ കാണുന്നത്'. കിരൺ എന്റെ ആശയങ്ങളോട് യോജിച്ചു.

ഞാൻ വേഗത്തിൽ തുടർന്നു: 'മനുഷ്യനെ ദൈവം സൃഷ്ടിച്ചത് ഒരു യന്ത്രമനുഷ്യനെ പോലെയല്ല. അതായത് അവനു സ്വതന്ത്രചിത്തമുണ്ടായിരുന്നു. നന്മ ചെയ്യാം, ചെയ്യാതെയിരിക്കാം; ദൈവത്തെ സ്നേഹിക്കാം, സ്നേഹിക്കാതെയിരിക്കാം. എന്നാൽ മനുഷ്യൻ തെറ്റിലേക്കാണ് പോയത്. അങ്ങനെ പാപിയായ മനുഷ്യനെ ദൈവത്തിനു ശിക്ഷിച്ചേ മതിയാകു. കാരണം, പാപത്തിന്റെ ശിക്ഷ കൊടുക്കണമെന്നുള്ളത് ദൈവത്തിന്റെ നീതിയാണ്. എന്നാൽ ദൈവം മനുഷ്യനെ സ്നേഹിക്കുന്നു. മനുഷ്യനെ ശിക്ഷിക്കാൻ മനസ്സ് വരാതെ, മനുഷ്യനെ രക്ഷിക്കാൻ ദൈവം പദ്ധതിയിടുന്നു.

ലോകത്തെ കിടുകിടാ വിറപ്പിച്ച അനേക രാജാക്കന്മാർ, ചക്രവർത്തിമാർ, വലിയ കൊട്ടാരങ്ങളിൽ ജനിച്ചു രാജകീയമായി മരിച്ചിട്ടുണ്ട്. എന്നാൽ ആരുടെയും പേരിൽ ചരിത്രം വേർതിരിക്കപ്പെട്ടിട്ടില്ല. അഖിലാണ്ഡം മുഴുവൻ സൃഷ്ടിച്ച ദൈവം മനുഷ്യനായി ഇവിടെ ജനിച്ചപ്പോൾ ഒരു ചെറുകുടിൽ പോലും കിട്ടിയില്ല. എങ്കിലും യേശു ചരിത്രത്തെ രണ്ടായി തിരിച്ചുകൊണ്ട് പിറന്നു. ഒരു പുൽക്കൂട്ടിലായിരുന്നു യേശുവിനെ കിടത്തിയത്. ഇതെല്ലം യേശുവിന്റെ ജനനത്തിനു അനേക വർഷങ്ങൾക്ക് മുമ്പ് തന്നെ അനേക പ്രവാചകന്മാർ 300 ലധികം പ്രവചനങ്ങളിലൂടെ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാരണം, ഒരാൾ പോലും സംശയത്തിന്റെ പേരിൽ സുവിശേഷം വിശ്വസിക്കാതെ നരകത്തിൽ പോകരുത് എന്ന് ദൈവം ആഗ്രഹിച്ചു. ഇവിടെ യേശുവിനെ പറ്റിയുള്ള എല്ലാ പ്രവചനങ്ങളും അക്ഷരംപ്രതി നിവൃത്തിയായി. എന്തിനു വേണ്ടിയായിരുന്നു യേശു ഈ ഭൂമിയിൽ വന്നത്? പാപത്തിന്റെ ശിക്ഷ കൊടുക്കണം എന്നതാണ് ദൈവനീതി. എന്നാൽ നമ്മെ ശിക്ഷിക്കുന്നത് ഒഴിവാക്കുവാൻ ദൈവം തന്നെ മനുഷ്യനായി എനിക്ക് പകരക്കാരനായി വന്ന്, ശിക്ഷ വാങ്ങുക എന്നത് നമുക്ക് ചിന്തിക്കാൻ പോലും പറ്റാത്ത ഒരു നീതിയാണ്, അതാണ് ദൈവത്തിന്റെ സ്നേഹം.

'നാം ഇന്നേവരെ നമ്മുടെ പാപങ്ങളെ ഓർത്തു,

**ജീവനുള്ള ദൈവം വസിക്കാൻ ആഗ്രഹിക്കുന്ന വാസസ്ഥലം നാം തന്നെയാണ്. പക്ഷെ പലപ്പോഴും മനുഷ്യൻ അറിവില്ലായ്മയിൽ ദൈവത്തെ എവിടെയെങ്കിലും കുടിയിരുത്താനാണ് നോക്കുന്നത്.**

അതിന്റെ ഭവിഷ്യത്താകുന്ന നരകത്തെ ഓർത്തു ഭയന്നിട്ടില്ല, കരഞ്ഞിട്ടില്ല. ഈ ഭൂമിയിലെ ജീവിതത്തിൽ വരുന്ന ചെറിയ നഷ്ടങ്ങളിൽ പോലും ദുഖിക്കുന്ന, രോഗം വന്നാൽ ഭയക്കുന്ന നാം, നമ്മുടെ ആത്മാവ് നിത്യനരകത്തിൽ പോകുമെന്ന യാഥാർത്ഥ്യത്തെ ഭയക്കുവാനുള്ള ജ്ഞാനം പോലും നമുക്കില്ല. അതുകൊണ്ടു നമുക്ക് പകരക്കാരനായി യേശുകർത്താവ് ക്രൂശിൽ ഉച്ചത്തിൽ പിതാവിനോട് നിലവിളിക്കേണ്ടി വന്നു. ഞാൻ എന്റെ കയ്യാൽ ചെയ്ത തെറ്റിന് കർത്താവിന്റെ കരങ്ങളിൽ ആണിയടിക്കേണ്ടി വന്നു. തെറ്റായ പാതകളിൽ നടന്നതിന്, എന്റെ കാലുകളിലായിരുന്നു ആണി തറയ്ക്കേണ്ടിയിരുന്നത്. എന്നാൽ യേശുവിന്റെ കാലുകളിലാണ് ആണി തറയ്ക്കപ്പെട്ടത്. തെറ്റായി ചിന്തിച്ചതിനു എന്റെ തലയിൽ വയ്ക്കേണ്ടിയിരുന്ന മുൾക്കിരീടം യേശുവിന്റെ തലയിൽ വച്ചു. യേശുവിന്റെ അവസാന തുള്ളി രക്തം വരെയും എനിക്ക് വേണ്ടി ചിന്തപ്പെട്ടു. സൂര്യനെയും നക്ഷത്രങ്ങളെയും സൃഷ്ടിച്ച യേശുവിനു ഒരു നോട്ടം മതിയായിരുന്നു ക്രൂശകരെ ഭസ്മമാക്കാൻ. എന്നാൽ നമ്മെപ്രതി നാം നിത്യാഗ്നിയിൽ വീഴാതിരിക്കാൻ നമ്മുടെ പാപത്തിന്റെ ആ കഠിനമായ ശിക്ഷകൾ മുഴുവൻ തന്റെ ശരീരത്തിൽ സ്വയം ഏറ്റെടുത്തു. തിരുവെഴുത്തിൻ പ്രകാരം യേശു മരിച്ചു, അടക്കപ്പെട്ടു, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. അനേക മഹത്വ്യക്തികളുടെ ശവകുടീരങ്ങൾ ഇന്നും സ്മാരകങ്ങളായി നിൽക്കുമ്പോൾ യേശുവിന്റെ ശവകുടീരം മാത്രം ഇന്നും തുറന്നു കിടക്കുകയാണ്. യേശു ജീവനുള്ള ദൈവമാണ്. ആ

'തീർച്ചയായും, പാപത്തെ ദൈവം വെറുക്കുന്നുവെങ്കിലും പാപികളെ ദൈവം സ്നേഹിക്കുന്നു, അവരോടു കരുണകാണിക്കുന്നു. അതിന്റെ ഏറ്റവും വലിയ തെളിവാണ് അഖിലാണ്ഡം മുഴുവൻ സൃഷ്ടിച്ച ദൈവം നമ്മെ പോലുള്ള പാപികളെ രക്ഷിക്കുവാൻ ഈ ഭൂമിയിലേക്ക് വന്നതും കാൽവറി ക്രൂശിൽ മരിച്ചതും. മോൻ വിശ്വാസത്തോടെ ഏറ്റുപറയുന്നുവെങ്കിൽ ഇപ്പോൾത്തന്നെ ആ രക്ഷാവാചകങ്ങൾ ഞാൻ പറഞ്ഞുതരാം, അതിനു തയ്യാറാണോ? അത് ഞാൻ മാത്രമല്ല കേൾക്കുന്നത്, നമ്മുടെ കൂടെ കർത്താവും അത് കേട്ടുകൊണ്ടിരിക്കുകയാണ്. ഒരു കോടതിയിൽ പറയുന്ന ഓരോ വാക്കുകൾക്കും വിലയുണ്ട്, അത് അവിടെ രേഖപ്പെടുത്തുന്നുണ്ട്. മനുഷ്യനൊഴികെ ഭൂമിയും സൂര്യനും, സകല ചരാചരങ്ങളും ദൈവം പറയുന്നത് കൃത്യമായി അനുസരിക്കുന്നു. ആ ദൈവത്തിന്റെ മുൻപിലാണ് മോൻ ഇത് ഏറ്റുപറയുവാൻ പോകുന്നത് എന്ന് മനസ്സിലാക്കി വേണം പറയുവാൻ'.

അങ്ങനെ ദൈവകൃപയാൽ കിരൺ ഞാൻ ചൊല്ലിക്കൊടുത്ത രക്ഷാവാചകങ്ങൾ വിശ്വാസത്തോടെ കണ്ണീരോടെ ഏറ്റുപറഞ്ഞു, ഒരു ദൈവപൈതലായി മാറി.

'ഹോ, എന്തൊരു സമാധാനം, നമ്മുടെ ട്രെയിൻ ഒരു മണിക്കൂർ ലേറ്റ് ആക്കിയത് തീർച്ചയായും ദൈവം തന്നെ' കിരൺ പ്രതിവചിച്ചു.

'ട്രെയിൻ നമ്പർ 06112 കൊല്ലം ചെന്നൈ സ്പെഷ്യൽ ട്രെയിൻ അല്പസമയത്തിനുള്ളിൽ സ്റ്റേഷനിൽ എത്തുന്നതാണ്' അനൗൺസ്മെന്റ് കേട്ടപ്പോൾ ഞാൻ ദൈവത്തെ ഒരിക്കൽ കൂടി സ്തുതിച്ചു. സുവിശേഷം അറിയിക്കാനുള്ള കൃത്യസമയം തന്നതിന്. ഞാൻ കിരണിന്റെ ഫോൺനമ്പർ വാങ്ങി, ആലിംഗനം ചെയ്തു പറഞ്ഞു. 'മോൻ എത്രയും പെട്ടെന്ന് ബൈബിൾ വായിക്കണം. കൃത്യമായി ദൈവവചനം പഠിപ്പിക്കുന്ന ഒരു സഭയിൽ പോകണം, ആത്മാർത്ഥമായി ദൈവത്തോട് പ്രാർത്ഥിച്ചാൽ ദൈവം ശരിയായ വഴി കാട്ടിത്തരും. ദൈവം മോനെ അനുഗ്രഹിക്കട്ടെ'

'ട്രെയിൻ നമ്പർ 06112 കൊല്ലം ചെന്നൈ സ്പെഷ്യൽ ട്രെയിൻ 1 - ാം നമ്പർ പ്ലാറ്റഫോമിലേക്കു വന്നുകൊണ്ടിരിക്കുന്നു'

ഞാൻ എന്റെ കമ്പാർട്മെന്റിലേക്കും കിരൺ മറ്റൊരു കമ്പാർട്മെന്റിലേക്കും കയറി. •

ജീവനുള്ള ദൈവം വസിക്കാൻ ആഗ്രഹിക്കുന്ന വാസസ്ഥലം നാം തന്നെയാണ്. പക്ഷെ പലപ്പോഴും മനുഷ്യൻ അറിവില്ലായ്മയിൽ ദൈവത്തെ എവിടെയെങ്കിലും കുടിയിരുത്താനാണ് നോക്കുന്നത്. എന്നാൽ യേശുകർത്താവ് നമ്മുടെ ദു:ഖത്തിലും, സന്തോഷത്തിലും ഏതവസ്ഥയിലും നമ്മോടൊപ്പം വസിക്കാൻ ആഗ്രഹിക്കുന്നു. ദൈവം ഒരുവനേയുള്ളു. നമുക്ക് ഒരു പിതാവല്ലേ ഉള്ളത്. ആ പിതാവിനെ മാത്രമല്ലേ നമുക്ക് അപ്പാ എന്ന് വിളിക്കാൻ കഴിയൂ?' ഇത്രയും പറഞ്ഞിട്ട് ഞാൻ കിരണിന്റെ പുറത്തു തട്ടിക്കൊണ്ടു പറഞ്ഞു, 'കിരണേ, ഈ വിലയേറിയ രക്ഷ നമുക്ക് സ്വയമേ നേടാൻ കഴിയുകയില്ല. നമ്മുടെ എല്ലാ പ്രവൃത്തികളും പാപപങ്കിലമാണ്. അതുകൊണ്ടാണ് ദൈവംതന്നെ ഈ ഭൂമിയിലേക്ക് വരേണ്ടിവന്നത്.'

'ചേട്ടാ, അപ്പോൾ എനിക്ക് ഈ രക്ഷ എങ്ങനെ ലഭിക്കും? ഞാൻ എവിടെ പോകണം ഇത് കിട്ടുവാൻ?' അവൻ നിഷ്കളങ്കമായി ചോദിച്ചു.

'മോനെ, ആ വിലയേറിയ രക്ഷ ലഭിക്കുവാൻ, നീ ഒരു രൂപ പോലും മുടക്കേണ്ട, ഒരിടത്തേക്കും തീർത്ഥാടനം ചെയ്യേണ്ടതില്ല, ഒരു കർമ്മവും ആവശ്യമില്ല. അനുതാപത്തോടെ, യേശുവിനോടു പ്രാർത്ഥിക്കുക: യേശുവേ, ഞാൻ പാപിയാണ്, എന്റെ പാപങ്ങൾക്കായാണ് അങ്ങ് ക്രൂശിൽ മരിച്ചത് എന്ന് ഞാൻ അറിയുന്നു. എന്റെ പാപങ്ങളെ എല്ലാം അങ്ങ് ക്ഷമിക്കേണമേ. ഇന്നുമുതൽ ഞാൻ അങ്ങയുടെ മകൻ ആകാൻ ആഗ്രഹിക്കുന്നു. ഇന്ന് മുതൽ അങ്ങ് എന്റെ പിതാവായിരിക്കേണമേ. ഇന്നുമുതൽ അങ്ങാണ് എന്റെ ദൈവം. അങ്ങാണ് എന്റെ കർത്താവ്. ഈ പ്രാർത്ഥന ആത്മാർത്ഥമായി വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ ആ നിമിഷം തന്നെ മോന്റെ പേര് സ്വർഗ്ഗത്തിലെ ജീവപുസ്തകത്തിൽ എഴുതപ്പെടും. ദൈവമകനായി മാറും. അതിനു മോൻ തയ്യാറാണോ' ഞാൻ കർത്താവിൽ ആശ്രയിച്ചു കിരണിനോട് ചോദിച്ചു.

സമാധാനത്തിനായി ഒരു കച്ചിത്തുരുമ്പെങ്കിലും കിട്ടിയാൽ കൊള്ളാം എന്നാഗ്രഹിച്ച കിരണിനു ഈ വാക്കുകൾ, നിലയില്ലാത്ത കയത്തിൽ നിന്നും രക്ഷിക്കാൻ വന്ന ബലിഷ്ഠമായ കരങ്ങൾ പോലെ തോന്നി.

മറ്റൊന്നും ആലോചിക്കാതെ ഉടൻ പറഞ്ഞു. 'ഞാൻ തയ്യാറാണ്, എന്നെ യേശു സ്വീകരിക്കുമോ'?



**ചാൾസ് സ്പർജൻ**

# നാളെയെന്നത് നമുക്കുള്ളതല്ല

***നാളത്തെ ദിവസം ചൊല്ലി പ്രശംസിക്കരുത്, ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്ന് അറിയുന്നില്ലല്ലോ (സദൃശവാക്യം 27:1)***

**ദൈ**വത്തിന്റെ വിശുദ്ധവചനം പ്രധാനമായും എഴുതപ്പെട്ടത് നിത്യജീവന്റെ വെളിച്ചം വീശുന്ന പാതയിൽ നമ്മെ സ്വർഗ്ഗത്തിലേയ്ക്ക് നയിക്കുന്നതിനാണ്. നമുക്ക് ആത്മീയ പ്രകാശത്തോടൊപ്പം ലൗകികജ്ഞാനവും ആവശ്യമാണ്. പൊതുകാര്യങ്ങൾ ക്രമീകരിക്കുന്നതിനായി നാം ജ്ഞാനികളായിരിക്കുന്നത് നല്ലതാണ്. നാളെയുക്കുറിച്ച് പൊങ്ങച്ചം പറയുന്നത് അങ്ങേയറ്റം മണ്ടത്തരമാണ്. അത് ഒരിക്കലും ഒരു മനുഷ്യനെ മറ്റുള്ളവരുടെ മുമ്പിൽ ബഹുമാന്യനാക്കുന്നില്ല. പൊങ്ങച്ചം പറയുന്നതിനാൽ യഥാർത്ഥത്തിൽ ആർക്കും ഒരു പ്രയോജനവുമില്ല. പാപസുഖങ്ങളിൽ സംതൃപ്തനായി വീമ്പ് പറയുന്നവൻ എത്ര വിഡ്ഢിയാണ്! നാളെയെക്കുറിച്ച് പ്രശംസിക്കേണ്ടതില്ല കാരണം അത് ഏറ്റവും ദുർബലമായ, അടിസ്ഥാനരഹിതമായ യാഥാർത്ഥ്യമാണ്. നാളെ എന്നത് ക്ഷണികമാണ്. ഒരിക്കലും നാളെയെ കണ്ടിട്ടില്ലാത്തവർ എന്തിനാണ് അതിൽ വൃഥാ പ്രശംസിക്കുന്നത്?

ഒരു വസ്തുത സർവ്വരും ഓർമ്മിക്കണം. ആളുകൾ നാളെയെക്കുറിച്ച് പ്രശംസിച്ച് ഭാവിയെക്കുറിച്ച് അമിത ആത്മവിശ്വാസം പുലർത്തുമ്പോൾ അത് സ്വജീവിതത്തിലും മറ്റുള്ളവരിലും വലിയ നിരാശയ്ക്കും ദുഖത്തിനും കാരണമാകുന്നു. പ്രസംഗിക്കുമ്പോൾ കേൾവിക്കാരോട് അവരുടെ കുടുംബബന്ധങ്ങളും മറ്റിതര കാര്യങ്ങളും സർവ്വോപരി ആത്മികകാര്യങ്ങളും ശ്രദ്ധിച്ച് ക്രമീകരിക്കണമെന്നു ഞാൻ പലപ്പോഴും അപേക്ഷിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കേണ്ടി വന്ന നിരവധി ഗൗരവമേറിയ സന്ദർഭങ്ങളുണ്ട്. ഒരു രാത്രിയിൽ ഒരു ശുശ്രൂഷകൻ തന്റെ പ്രസംഗത്തിനിടെ, ഓരോ പുരുഷനും തന്റെ വീട് ക്രമപ്പെടുത്തേണ്ടത് ഒരു ക്രിസ്തീയ വിശ്വാസിയുടെ കടമയാണെന്ന് കരുതുന്നുവെന്ന് പറഞ്ഞു. അപ്പോൾ തന്റെ സഭയിലെ ഒരു അംഗം സ്വയം പറഞ്ഞു: എന്റെ ശുശ്രൂഷകൻ പറഞ്ഞത് സത്യമാണ്. എന്റെ ഭാര്യയും കുഞ്ഞുങ്ങളും കുടുംബകാര്യങ്ങൾ ഒന്നും അറിയാതെപോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല ഞാൻ മരിക്കുകയാണെങ്കിൽ കാര്യങ്ങൾ എങ്ങനെ ക്രമീകരിക്കണമെന്നു യാതൊരുവിധ ധാരണയും അവർക്കില്ലല്ലോ. അങ്ങനെ ആ രാത്രിയിൽത്തന്നെ അവൻ തന്റെ ഗൃഹകാര്യങ്ങൾ ക്രമീകരിച്ച് കണക്കുകൾ തീർത്തു. അപ്രതീക്ഷിതമായി ആ രാത്രി അയാൾ

മരിച്ചു! ദു:ഖത്തിനിടയിലും, തനിക്ക് വേണ്ടതെല്ലാം തന്റെ ഭർത്താവ് തക്കസമയത്ത്ക്രമീകരിച്ചത് ആ വിധവയ്ക്ക് ആശ്വാസമായിരുന്നിരിക്കണം. കൃത്യ സമയത്തെ അനുസരണം എത്ര അനുഗ്രഹീതമായിരുന്നു എന്ന സന്ദേശം ഇതിലൂടെ നമുക്കും ലഭിക്കുന്നു.

നാളെയെക്കുറിച്ച് പലരും വീമ്പിളക്കുന്നു. മാനസാന്തരപ്പെടാനും ദൈവത്തിങ്കലേക്ക് മടങ്ങാനും തനിക്ക് ധാരാളം സമയം ലഭിക്കുമെന്ന് അവർ കരുതുന്നു. ഓ! ഞാൻ എന്റെ മരണക്കിടക്കയിലിരുന്ന് 'കർത്താവേ, പാപിയായ എന്നോടു കരുണ കാണിക്കണമേ' എന്ന് പറയുമെന്ന് ചിന്തിക്കുന്ന ധാരാളം പേരുണ്ട്. ഒരു വൃദ്ധശുശ്രൂഷകൻ പലപ്പോഴും മുന്നറിയിപ്പ് നൽകിയിരുന്ന ഒരു മനുഷ്യന്റെ കഥ എനിക്ക് ഓർമ്മയുണ്ട്. പക്ഷേ അയാൾ എപ്പോഴും പ്രതികരിച്ചത് സർ, ഞാൻ മരിക്കുമ്പോൾ, 'കർത്താവേ, എന്നോട് കരുണ കാണിക്കണമേ' എന്ന് പ്രാർത്ഥിക്കും. മറ്റാരെയും പോലെ ഞാനും സ്വർഗ്ഗത്തിലേക്ക് പോകും.' എങ്കിലും, ഒരുരാത്രി വീട്ടിലേക്ക് മടങ്ങിയ അദ്ദേഹം, മദ്യപിച്ച് സുബോധം നഷ്ട്ടപ്പെട്ട് പാലത്തിൽ നിന്നും വീണു, ഏറ്റവും ഭയാനകമായ ശാപമായിരുന്നു അത്. പിന്നീട് നദിയുടെ അടിത്തട്ടിൽ അവനെ മരിച്ച നിലയിൽ കണ്ടെത്തി. കണക്കുകൂട്ടലുകൾ തെറ്റിയത് എത്ര ദാരുണം!

മാനസാന്തരം പിന്നീടാകട്ടെ, സമയമുണ്ടല്ലോ എന്ന് ആരും ഒരിക്കലും കരുതരുത്! സോദോമിൽ നിന്ന് ഓടിപ്പോകാൻ ലോത്തിനോട് ദൈവം കല്പിക്കുമ്പോൾ, 'വേഗം വരൂ' എന്ന് പറയുന്നു. ദൈവദൂതനു ലോത്തിന്റെ കൈക്കു പിടിച്ചു തിടുക്കത്തിൽ അവനെ കൊണ്ടുപോകേണ്ടി വന്നു. ആത്മാവ് ഒരു മനുഷ്യന്റെ ഹൃദയത്തിൽ സംസാരിക്കുമ്പോൾ വേഗത്തിൽ അനുസരിക്കുവാൻ ഉത്സാഹിപ്പിക്കുന്നു. മാനുഷിക കാഴ്ചപ്പാടിൽ അവർ വൈകാൻ വളരെ സാധ്യതയുണ്ട്. എന്നാൽ ദൈവത്തിന്റെ ആത്മാവ്, മനുഷ്യന്റെ ഹൃദയത്തിൽ സംസാരിക്കുമ്പോൾ, എല്ലായ്പ്പോഴും 'ഇന്ന്' എന്ന് പറയുന്നു. പരിശുദ്ധാത്മാവായ ദൈവം മനുഷ്യനുമായി ഇടപെടുമ്പോൾ, അവ എല്ലായ്പ്പോഴും ഉടനടി നടപ്പാക്കേണ്ടുന്ന ഇടപെടലുകളാണ്.

ഓരോരുത്തരും ഇത് പരിഗണിക്കണമെന്ന് ഞാൻ അപേക്ഷിക്കട്ടെ. സമയം മാറ്റി വയ്ക്കുന്നത് ബുദ്ധിഹീനതയാണ്. മാറ്റിവെക്കാൻ സമയമുണ്ടെന്ന ചിന്ത സാത്താന്റെ ഒരു കെണിയാണ്. പരിശുദ്ധാത്മാവ് മനുഷ്യനോട് വാദിക്കുമ്പോൾ, 'ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്.' നാളെയാകട്ടെ എന്ന് ചിന്തിച്ച് സ്വയം വഞ്ചിക്കരുത്. കൂടുതൽ മെച്ചപ്പെട്ട കാര്യങ്ങൾ ചെയ്യുവാൻ ദൃഢനിശ്ചയം എടുത്താലും അത് പിന്നീട് നടപ്പിലാക്കാമെന്നു ആർക്കും ഉറപ്പില്ലല്ലോ.

നാളെ ഞാൻ മാനസാന്തരപ്പെട്ട് സകല ദുർഗുണങ്ങളും ദുർമോഹങ്ങളും ഉപേക്ഷിക്കുമെന്നു കണക്കുകൂട്ടുന്നവർ നാളെ ഉണ്ടാകുമെന്നു എന്തുറപ്പാണുള്ളത്? മകനെ, ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുക എന്ന് പറഞ്ഞ പിതാവിനെ യേശുവും ഓർമ്മിപ്പിക്കുന്നു (മത്തായി 21:28) പിന്നീടാവട്ടെ എന്ന ചിന്തയിൽ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ കഴിയാതെ മരിച്ചു പോയവരും അനേകരാണ്. ഓ! മറ്റൊരു ദിവസം കൂടി ലഭിച്ചിരുന്നെങ്കിൽ താൻ നന്നാകുമായിരുന്നു എന്ന് അവർ പറഞ്ഞു കാണും.

മനുഷ്യാ, നീ ഗുരുതര രോഗിയാണെങ്കിൽ നാളെ നിന്റെ ഡോക്ടറെ കാണാം എന്ന് പറയുമോ? നിന്റെ വീടിന് തീ പിടിച്ചാൽ നാളെ തീയണയ്ക്കാം എന്ന് ചിന്തിക്കുമോ? തീർച്ചയായും ഇല്ല. ഭൗതിക കാര്യങ്ങളിൽ നാം ജാഗ്രതയുള്ളവർ! അനേകരും തങ്ങളുടെ ആത്മാവിനെ ബാധിക്കുന്ന കാര്യങ്ങളിൽ കാലതാമസം വരുത്തുന്നത് വലിയ വിഡ്ഢിത്തമാണ്. മനുഷ്യൻ തന്റെ ജീവിതം ഹ്രസ്വമാണെന്നു മനസ്സിലാക്കുന്നില്ലെങ്കിൽ അവൻ നാളെകളെക്കുറിച്ച് വീമ്പിളക്കിക്കൊണ്ടിരിക്കും.

ഇനി നമുക്ക് വീണ്ടും തിരുവെഴുത്തിലെ വാക്കുകൾ വളരെ ഗൗരവത്തോടെയും ആത്മാർത്ഥമായും ഉച്ചരിക്കാം. 'നാളെയെക്കുറിച്ച് പ്രശംസിക്കരുത്.' അതായത്, ഇന്നത്തെ ആരോഗ്യമോ ബലമോ സമ്പത്തോ ബുദ്ധിയോ സ്ഥാനമാനങ്ങളോ പ്രശസ്തിയോ ഇങ്ങനെ ഭൗതികമായതെന്തും വെള്ളത്തിലെ കുമിളപോലെ നൈമിഷികമാണെന്നു തിരിച്ചറിഞ്ഞില്ലെങ്കിൽ, ഹാ കഷ്ടം.

മരണം ഏതു നിമിഷവും ആരെയും കീഴടക്കാം. അതിനാൽ ജീവിതത്തെ ഭാവിയുടെ കണ്ണാടിയിലൂടെ നോക്കരുത്, ഇന്നത്തെ കാര്യങ്ങളിലേക്ക് നോക്കുക. കാരണം ഒരു ദിവസം എന്തെല്ലാം സംഭവിക്കുമെന്ന് ഒരു മനുഷ്യനും അറിയുന്നുന്നില്ലല്ലോ? •



സുജ വിനു



# ഒരേ ഒരു പുസ്തകം

സത്യം പറയുന്നതായി, വിശ്വാസയോഗ്യമായി, കാലത്തെ അതിജീവിക്കുന്നതായി, എഴുതപ്പെട്ടിരിക്കുന്ന ഒരേ ഒരു പുസ്തകം മാത്രമേയുള്ളൂ. ഈ പുസ്തകത്തെ ആസ്പദമാക്കിയാണ് ലോകത്തിൽ ഏറ്റവും കൂടുതൽ ഉപഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്, ഇന്നും എഴുതപ്പെട്ടു കൊണ്ടിരിക്കുന്നത്. ഈ പുസ്തകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രചിക്കപ്പെട്ടിട്ടുള്ള ലേഖനങ്ങളും ഗാനങ്ങളും പ്രഭാഷണങ്ങളും എണ്ണിത്തീർക്കാനാവാത്തത്രയാണ്. ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന, വായിക്കപ്പെടുന്ന, തർജ്ജമ ചെയ്യപ്പെടുന്ന, കാലം കഴിയുന്തോറും പ്രസക്തി ഏറിവരുന്ന, ഒരേ ഒരു പുസ്തകം. പ്രസിദ്ധീകരിക്കപ്പെട്ട് സഹസ്രാബ്ദങ്ങൾക്കു ശേഷവും, ഇന്നും അനേകായിരങ്ങൾ പല രാജ്യങ്ങളിൽ, പലനേരങ്ങളിൽ, കൂടിവന്നു ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്ന ഒരേ ഒരു പുസ്തകം.

ഏറ്റവും അധികം ഗ്രന്ഥകാരന്മാരാൽ രചിക്കപ്പെട്ട, ഏറ്റവും നീണ്ട കാലയളവുകൊണ്ട് പൂർത്തിയാക്കപ്പെട്ട, ഏറ്റവും കൂടുതൽ തവണ പിന്നെയും പിന്നെയും വായിക്കപ്പെടുന്ന, നൂറിൽ കൂടുതൽ തവണ ഒരു വ്യക്തി തന്നെ വായിക്കുന്ന... ഇങ്ങനെ ഈ ഒരേ ഒരു പുസ്തകത്തിന്റെ അനന്യതകൾ അവർണ്ണനീയമാണ്. വായിക്കുന്ന ഓരോ വ്യക്തിയോടും ഓരോ തവണയും പുതിയ പുതിയ അർത്ഥതലങ്ങളിലൂടെ സംവദിക്കുന്ന ഈ പുസ്തകം, ഒരേസമയം ഒരു ചരിത്ര പുസ്തകവും ഒരു പ്രവചന പുസ്തകവുമാണ്, അതോടൊപ്പം ആനുകാലികവും. ഈ പുസ്തകത്തിലെ വരികൾ എന്നും എവിടെയും ഉദ്ധരിക്കപ്പെടുന്നു.

വനാന്തരങ്ങളിൽ, മണലാരണ്യങ്ങളിൽ, ഉൾഖനികളിൽ, ഏകാന്തദ്വീപുകളിൽ... എന്നുവേണ്ട, ഈ പുസ്തകം കടന്നു ചെല്ലാത്ത ഇടങ്ങൾ വിരളം. ഈ പുസ്തകം ദേശങ്ങളിലേക്ക് എത്തിക്കുന്നതിനും ഭാഷാന്തരം ചെയ്യുന്നതിനും ഉള്ള ശ്രമങ്ങളിൽ അനേകം മനുഷ്യജീവനുകൾ പൊലിയപ്പെട്ടിരിക്കുന്നു, ഇന്നും പൊലിഞ്ഞു കൊണ്ടിരിക്കുന്നു. വായിക്കുന്തോറും, മനസ്സിലാകുന്തോറും കൂടുതൽ തീഷ്ണധ്യാനത്തോടെ വായിക്കപ്പെടുന്ന ഈ പുസ്തകത്തിന്റെ അന്തർധാരകളും അന്തരാർത്ഥങ്ങളും, പക്ഷേ ഒരു മനുഷ്യായുസ്സ് മുഴുവൻ വായിച്ചു കൊണ്ടിരുന്നാലും പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിയുന്നതല്ല. കഥകൾ, കവിതകൾ, ഉപമകൾ, അലങ്കാരങ്ങൾ, വിരുദ്ധോക്തി, ഹാസ്യോക്തി, തത്വചിന്ത... ലോക സാഹിത്യ ചരിത്രത്തിന്റെ ഏത് സരണി എഴുത്തിനെ എടുത്താലും അതിന്റെ എല്ലാം ഉദാഹരണങ്ങൾ ഈ പുസ്തകത്തിലുണ്ട്.

ബുദ്ധിയുള്ള ഒരു മനുഷ്യന് ഒരിക്കലും മനസ്സിലാകാത്ത ഒരേയൊരു പുസ്തകം എന്നുകൂടി ഇതിനെ വിശേഷിപ്പിക്കാൻ കഴിയും. സ്വയബുദ്ധി ഉപയോഗിച്ച് കടന്നു ചെല്ലാനാകാത്തത്ര സങ്കീർണ്ണമായ കാര്യങ്ങളാണ് ഈ പുസ്തകം പ്രതിപാദിക്കുന്നത്. വിശ്വാസം എന്ന ഒറ്റ താക്കോൽ ഉപയോഗിച്ച് മാത്രമേ ഈ പുസ്തകത്തിന്റെ കാതലിലേക്ക് കടന്നുചെല്ലുവാൻ കഴിയൂ... താളുകൾ മറിക്കുന്തോറും വിശ്വാസം വർധിക്കുകയും ബുദ്ധി കുറയുകയും ചെയ്യുന്ന, സ്വഭാവ പരിണാമത്തിന് ഇടയാക്കുന്ന, ഒരേ ഒരു പുസ്തകം കൂടിയാണിത്. ലോകത്തിന്റെ മൂല്യങ്ങളെ

തച്ചുടയ്ക്കുന്ന പ്രത്യയശാസ്ത്രങ്ങൾ ഉയർത്തുന്ന ഈ പുസ്തകം, സമ്പന്നർ= ദരിദ്രർ, യജമാനൻ= ദാസൻ, നേടുക= ഉപേക്ഷിക്കുക, ജീവിക്കുക= മരിക്കുക, മുമ്പൻ= പിമ്പൻ, തുടങ്ങിയ പുതിയ സമവാക്യങ്ങളെ അവതരിപ്പിക്കുന്നു. കോപം= കൊലപാതകം, കാമം= വ്യഭിചാരം, മോഹം= പാപം, തുടങ്ങിയ അനേകം സമാന്തര സമവാക്യങ്ങളും ഈ പുസ്തകത്തിൽ ഉണ്ട് (മനുഷ്യബുദ്ധിക്ക് അപ്പുറം സങ്കീർണമാണ് **ഈ പുസ്തകം** എന്നു ബോധ്യപ്പെടുത്തുന്ന വിധം).

ജീവനുള്ള, ജീവൻ പകരുന്ന ഒരേയൊരു പുസ്തകമെന്നും ഈ പുസ്തകത്തെ അനേകർ സാക്ഷ്യപ്പെടുത്തുന്നു. ഇരുവായ്ത്തലയുള്ള മൂർച്ചയേറിയ ഒരു വാൾ പോലെ, മനുഷ്യഹൃദയങ്ങളിലേക്ക് കടന്നു ചെല്ലുകയും അതിനെ തകർക്കുകയും പുതിയതായി പണിയുകയും ചെയ്യുന്നു എന്നതിനാലാണ് ഈ വിശേഷണം. ഭൂമിയിൽ നരനായി പിറന്ന ഒരുവന്റെ ജീവിതത്തിന്റെ ഉദ്ദേശ്യവും അർത്ഥവും, ആദിയും അന്തവും, വ്യക്തമായും ശാസ്ത്രീയമായും വിശകലനം ചെയ്യുന്ന ഒരേ ഒരു പുസ്തകം കൂടിയാണ് ഇത്. അർത്ഥം നഷ്ടപ്പെട്ട ജീവിതങ്ങളിലേക്ക് പ്രത്യാശ പകരുവാൻ കഴിയുന്ന ഒരേ ഒരു പുസ്തകം. ഏറ്റവും കൂടുതൽ പ്രവചനങ്ങളെ ഉൾക്കൊള്ളുന്ന, ഏറ്റവും അധികം പ്രവചനങ്ങൾ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്ന ഒരേ ഒരു പുസ്തകം.

സത്യദൈവം തന്നെത്തന്നെ വെളിപ്പെടുത്താൻ, മനുഷ്യനു നൽകിയ ഒരേ ഒരു പുസ്തകമാണിത്. അതിഗൂഢവും അവാച്യവും ആയിരിക്കുന്ന 'ദൈവം' എന്ന ആശയത്തെ മനുഷ്യസംവേദ്യമാക്കുന്നു ഈ പുസ്തകം. പഴയനിയമമെന്നും പുതിയനിയമമെന്നും വേർതിരിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം **ഒരു വ്യക്തിയിലേക്ക്** വിരൽ ചൂണ്ടുന്നതും ആ വ്യക്തിയെ വിവരിക്കുന്നതും ആണ്. ദൈവം തന്നെയാണ് മനുഷ്യനായ ആ വ്യക്തി. ഈ പുസ്തകത്തിന്റെ ആദ്യ അദ്ധ്യായത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവത്തെ പരിചയപ്പെടുത്തുന്നു. ആദ്യസുവിശേഷത്തിന്റെ ആദ്യഅദ്ധ്യായത്തിലും, ആദ്യലേഖനത്തിന്റെ ആദ്യഅദ്ധ്യായത്തിലും, വെളിപ്പാടിന്റെ ആദ്യഅദ്ധ്യായത്തിലും ത്രിയേക ദൈവം തന്നെ വരച്ചിടപ്പെടുന്നു. 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്ന ഒരു ലളിതവാക്യം കൊണ്ട് ദൈവം തന്റെ അതിസങ്കീർണ്ണ വ്യക്തിത്വത്തെ വ്യക്തമാക്കി തുടങ്ങുന്നു, തന്റെ പുത്രൻ വഴിയായി പുതിയനിയമത്തിലൂടെ ദൈവം ഈ സ്വയം വെളിവാക്കൽ തുടരുന്നു...

മനുഷ്യബുദ്ധിയാൽ മനസ്സിലാക്കാൻ കഴിയാത്തത് എന്ന് മാത്രമല്ല, ബുദ്ധിക്ക് നിരക്കാത്തത് എന്ന് തോന്നിപ്പിക്കുന്ന ഒരു പുസ്തകം കൂടിയാണിത്. ഈ പുസ്തകം തന്നെത്തന്നെ ദൈവം എന്ന് അവകാശപ്പെടുന്നുണ്ട്. ഇതിന്റെ താളുകളിൽ വചനം ദൈവമാണെന്ന് ഉറപ്പിച്ച് പറയുന്നു. ഒരു പുസ്തകത്തിന് ദൈവമാകാൻ കഴിയുമോ എന്ന് ചിന്തിച്ചുതുടങ്ങുന്നു എങ്കിൽ അതിലും ഭോഷത്തരം എന്നു തോന്നും ഇതിലെ ദൈവചിത്രീകരണം. രാജാവും കർത്താവും വിധിയാളനുമായ ദൈവം നിസ്സാരനും നിസ്സഹായനുമായി ജനിക്കുന്നു. വിശുദ്ധനും അതിമഹത്വവാനുമായ ദൈവം പാപികളോടും ദരിദ്രരോടും അശിക്ഷിതരോടുമൊപ്പം തെരുവിൽ തലചായ്ക്കാൻ ഇടമില്ലാത്തവനായി കാണപ്പെടുന്നു. രക്ഷകനും സർവ്വശക്തനുമായ ദൈവം, ശിക്ഷിക്കപ്പെട്ട്, പരാജയപ്പെട്ട്, അപമാനിക്കപ്പെട്ട്, മരണത്തിന് വിധേയപ്പെടുന്നു.

വിശ്വാസമെന്ന കണ്ണാടിയിലൂടെ മാത്രം വായിക്കാൻ കഴിയുന്നില്ലെങ്കിൽ ഈ പുസ്തകം ഒരു ഭ്രാന്തൻ പുസ്തകം എന്നുമാത്രം വിലയിരുത്തപ്പെടും. സ്നേഹം എന്ന ആശയത്തെ ലോകത്തിനു പരിചയപ്പെടുത്തിയ ഈ പുസ്തകം തന്നെയാണ്, ഇന്നലെവരെയുള്ള എല്ലാറ്റിനെയും എത്ര കടുത്ത പാപമായിരുന്നാലും ദുഃഖമോ ഭാരമോ എന്തായിരുന്നാലും, അത് സ്വയം ഏറ്റെടുക്കുന്ന, ക്ഷമയുടെ ദൈവത്തെയും ലോകത്തിന് കാണിച്ചുതന്നത്. പാഴും ശൂന്യവും ഇരുളുമായിരുന്നതിനെ സ്വന്തം ജീവനാൽ വീണ്ടെടുക്കുന്ന ഒരു ദൈവത്തെ ഈ പുസ്തകം അനുഭവവേദ്യമാക്കുന്നു.

വീണ്ടെടുത്ത കൂട്ടത്തെ സ്വന്തമഹത്വം പങ്കുവെക്കാനായി ക്ഷണിക്കുന്ന അവിശ്വസനീയ യാഥാർത്ഥ്യവും ഈ പുസ്തകം തുറന്നുവയ്ക്കുന്നു. ജാതിമത, പണ്ഡിതപാമര, സ്ത്രീ പുരുഷ വ്യത്യാസം ഇല്ലാതെ അനേക ജീവനുകളിൽ ആശ്വാസവും ആനന്ദവും പ്രത്യാശയും പകരുന്ന ജീവന്റെ ഈ പുസ്തകം വായിക്കാത്ത, ധ്യാനിക്കാത്ത, പ്രാർത്ഥിക്കാത്ത, പ്രവർത്തിക്കാത്ത ഒരാൾക്ക് തന്നെത്തന്നെ ക്രിസ്ത്യാനി എന്ന വിളിക്കുവാൻ കഴിയുന്നതല്ല. •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# യിസ്രായേലിന്റെ ഓടിപ്പോക്ക്

***എന്നാൽ ദാനീയേൽപ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത, വിശുദ്ധസ്ഥലത്തിൽ നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ, അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ. വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിലുള്ളത് എടുക്കേണ്ടതിന് ഇറങ്ങരുത്; വയലിലുള്ളവൻ വസ്ത്രം എടുപ്പാൻ മടങ്ങിപ്പോകരുത്. ആ കാലത്തു ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! എന്നാൽ നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ. ലോകാരംഭംമുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്ന് ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും. അന്ന് ആരാനും നിങ്ങളോട്: ഇതാ, ക്രിസ്തു ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട്: അതാ, അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും. ശവം ഉള്ളേടത്തു കഴുക്കൾ കൂടും ( മത്തായി 24: 15- 28).***

**നി**ന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് ഉത്തരമായി കർത്താവ് അരുളിച്ചെയ്ത വചനങ്ങൾ ആണ് നാം ചിന്തിക്കുന്നത്. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽ യിസ്രായേൽ ജനം നേരിടുവാൻ പോകുന്ന ഭീകരദിനങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പാണ് കാണുന്നത്. അവരുടെ മശിഹായെ അവർ തിരസ്കരിച്ചതിനാൽ, അവർ ദൈവത്താൽ ഒരു ജാതി എന്ന നിലയിൽ തിരസ്കരിക്കപ്പെടുന്നതിന്റെ ഫലമായി ഉണ്ടാകുന്ന ഭയങ്കര വിപത്താണ് ഇത്.

'ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്ത് നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ' എന്നത് കർത്താവ് അടിവരയിട്ട് പറയുന്നു. വിശുദ്ധസ്ഥലം എന്നത് ദൈവാലയം ആണ്. ദൈവം തന്റെ ജനത്തിന്റെ നടുവിൽ വസിക്കേണ്ടതിന് തിരഞ്ഞെടുത്ത സ്ഥലം. അത് ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ട സ്ഥലമാണ്. അതിനാൽ അത് വിശുദ്ധമാണ്. ദൈവാലയത്തിൽ ദൈവത്തിന്റെ സാന്നിധ്യം ഉള്ളിടത്തോളം ആലയവും ജനങ്ങളും സംരക്ഷിക്കപ്പെടും. എന്നാൽ ദൈവസാന്നിധ്യം നഷ്ടപ്പെട്ട ദൈവാലയം ദൈവം അവരെ കൈവിട്ടതിന്റെ വ്യക്തമായ അടയാളമാണ്. ദൈവാലയം ശത്രുക്കളുടെ കയ്യിൽ ഏൽപ്പിക്കപ്പെടുന്നു. അവർ അതിനെ അശുദ്ധമാക്കുന്നു, നശിപ്പിക്കുന്നു. യിസ്രായേലിന്റെ ചരിത്രത്തിൽ ഇത് പലവട്ടം സംഭവിച്ചിട്ടുണ്ട്.

ശലോമോൻ രാജാവ് പണിത ദൈവാലയം യിസ്രായേൽ ജനത്തിന്റെ പാപം നിമിത്തം നശിപ്പിക്കുവാൻ ബാബേൽരാജാവായ നെബുഖദ്നേസ്സറിനെ ദൈവം അനുവദിച്ചു. അത് ബി സി 586ൽ സംഭവിച്ചു. ബി.സി 167 ൽ അന്ത്യോക്യസ് എപ്പിഫാനസ് ദൈവാലയത്തിൽ zeus ന്റെ പ്രതിമ

സ്ഥാപിക്കുകയും പന്നികളെ യാഗം കഴിക്കുകയും ചെയ്തു. യേശുകർത്താവ് തന്റെ ശിഷ്യന്മാരോട് സംസാരിച്ച ദൈവാലയം, ഹെരോദാ രാജാവ് പണികഴിപ്പിച്ചതായിരുന്നു. ആ ദൈവാലയവും പൂർണ്ണമായും നശിപ്പിക്കപ്പെടും എന്ന് കർത്താവ് മുമ്പുകൂട്ടി പറഞ്ഞു. ഇടിഞ്ഞു പോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കില്ല എന്നാണ് കർത്താവ് പറഞ്ഞത്. എ ഡി 70ൽ റോമൻസൈന്യം ദൈവാലയം പൂർണ്ണമായി നശിപ്പിച്ചു, കർത്താവ് അരുളിച്ചെയ്ത വചനം അക്ഷരംപ്രതി നിറവേറി.

'മ്ലേച്ഛത' എവിടെ എത്തിയാലും അത് നശിപ്പിക്കുന്നതും ശൂന്യമാക്കുന്നതും ആണ്. ദൈവാലയത്തെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്ത യഹൂദാനേതൃത്വത്തെ കർത്താവ് ശാസിച്ചു. ദൈവാലയത്തെ ശുദ്ധീകരിച്ച കർത്താവിന്റെ അധികാരത്തെ അവർ തിരിച്ചറിയാതെ ചോദ്യം ചെയ്തു. അവരുടെ രക്ഷകനെ അവർ തിരസ്കരിച്ചു. അവരുടെ പാപം അതിന്റെ പരമകാഷ്ഠയിൽ എത്തി. അവർ അവർക്കുതന്നെ നാശം വിളിച്ചു വരുത്തുകയായിരുന്നു.

സംഭവിക്കുവാൻപോകുന്ന മഹാദുരന്തത്തെക്കുറിച്ച് കർത്താവ് മുന്നറിയിപ്പ് നൽകുന്നു: അന്ന് യഹൂദ്യയിൽ ഉള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ, വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിലുള്ളത് എടുക്കേണ്ടതിന് ഇറങ്ങരുത്. വയലിലുള്ളവർ വസ്ത്രം എടുക്കുവാൻ മടങ്ങിപ്പോകരുത്. അത് സംഭവിക്കുമ്പോൾ ജീവൻ സംരക്ഷിക്കുവാൻ ഓടി രക്ഷപ്പെട്ടുകൊൾക എന്നാണ് പറഞ്ഞതിന്റെ സാരം. 'ആ കാലത്ത് ഗർഭിണികൾക്കും മുല കുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം!'എന്ന് കർത്താവു പറയുന്നതിന്റെ അർത്ഥം, അവർക്ക് ഓടിപ്പോകുവാനുള്ള കഷ്ടപ്പാട് എത്ര വലിയതായിരിക്കും എന്നത് സൂചിപ്പിക്കുവാൻ ആണ്. യുദ്ധമോ പ്രകൃതിദുരന്തമോ ഒക്കെ സംഭവിക്കുമ്പോൾ തീർത്തും നിസ്സഹായതയിലാകുന്ന ഒരു കൂട്ടർ എപ്പോഴും ഉണ്ടാകും. അവരെ ഒഴിവാക്കുക അസാധ്യമാണ്.

'എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിക്കാൻ പ്രാർത്ഥിപ്പീൻ'എന്ന് കർത്താവ് ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നു. യെരുശലേമിനുമേൽ അനർത്ഥം വരുമ്പോൾ യെരുശലേമിലുള്ള എല്ലാവരെയും അത് ബാധിക്കുന്നു. എല്ലാവരും ജീവരക്ഷയ്ക്കായി ഓടിപ്പോകേണ്ടതായി വരും. അതിൽ ക്രിസ്തുശിഷ്യന്മാരും ഉൾപ്പെടുന്നു. ശീതകാലത്ത് സംഭവിച്ചാൽ ഓടിപ്പോക്ക് വലിയ പ്രയാസമായിരിക്കും. പുതപ്പോ വസ്ത്രങ്ങളോ ഒന്നും എടുത്തുകൊണ്ടു പോകുവാൻ കഴിയാത്തതുകൊണ്ട് അസഹനീയമായ തണുപ്പിൽ അവർ മരവിച്ചു പോകും. അത് അവരുടെ മരണത്തിന് തന്നെ കാരണമാകാം. ശബ്ബത്തുനാളിൽ സംഭവിച്ചാൽ എല്ലാവരും അവരവരുടെ വീടുകളിൽ സ്വസ്ഥമായിരിക്കുന്ന സമയമായിരിക്കും, ഓടി രക്ഷപ്പെടുവാനുള്ള സാധ്യത അതിനാൽ കുറയും. മാത്രവുമല്ല നിശ്ചിതദൂരത്തിൽ കൂടുതൽ നടക്കാൻ പാടില്ല എന്ന വ്യവസ്ഥ ശബ്ബത്തിൽ യിസ്രായേൽ ജനത്തിൽ നിലനിൽക്കുന്നുമുണ്ടല്ലോ. അതിനാൽ പ്രാർത്ഥിക്കുവാൻ ശിഷ്യന്മാരെ കർത്താവ് പ്രബോധിപ്പിക്കുകയാണ്. സംഭവിക്കുവാൻ പോകുന്ന വിപത്ത് മാറിപ്പോകുവാൻ പ്രാർത്ഥിക്കണം എന്ന് കർത്താവ് പറഞ്ഞില്ല. പ്രത്യുത അത് ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിക്കാൻ മാത്രം പ്രാർത്ഥിക്കുവാൻ ആണ് പറയുന്നത്. ദൈവം നിർണ്ണയിച്ചിരിക്കുന്ന സംഭവങ്ങൾക്ക് മാറ്റം ഉണ്ടാവുകയില്ല. എന്നാൽ പ്രാർത്ഥിക്കുന്ന ദൈവമക്കൾക്ക് ദൈവത്തിന്റെ സഹായം അത്തരം സാഹചര്യങ്ങളിൽ അനുഭവിച്ചറിയുവാൻ കഴിയും.

'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നുണ്ടാകും'. ജീവനാഥനായ മശിഹായെ തിരസ്കരിച്ച ഇസ്രായേലിന് ഉണ്ടാകുവാനുള്ള കഷ്ടം ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം ആയിരുന്നു. എഡി 70 ൽ റോമൻ സൈന്യം യെരുശലേമിനെ വളഞ്ഞപ്പോൾ ഉണ്ടായ നഷ്ടം അതിഭീകരം ആയിരുന്നു. യഹൂദാജനം യെരുശലേം വിട്ട് ഓടി. ലോകത്തിന്റെ വിവിധഭാഗത്തേക്ക് അവർ ചിതറിക്കപ്പെട്ടു. അനേകർ കൊല്ലപ്പെട്ടു. ഇത്തരം ഒരു ദുരന്തം അവർക്ക് അന്നേവരെ സംഭവിച്ചിട്ടില്ല, ഇപ്രകാരം ഇനിയും അവർ ചിതറിക്കപ്പെടുകയും ഇല്ല.

'ആ നാളുകൾ ചുരുങ്ങാതെ ഇരുന്നാൽ ഒരു ജനവും രക്ഷിക്കപ്പെടുകയില്ല, വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും' എന്ന് കർത്താവ് അരുളിച്ചെയ്തു. യഹൂദാജനത്തെ മുഴുവൻ നിർമ്മൂലമാക്കുവാൻ റോമൻ സൈന്യത്തിന് കഴിയുമായിരുന്നു. ആ ലക്ഷ്യത്തോടെ അവർ യെരുശലേമിന്മേൽ അക്രമണം നീട്ടിയിരുന്നു

എങ്കിൽ ആരും ഒരുപക്ഷേ രക്ഷപ്പെടുമായിരുന്നില്ല. എന്നാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർ അഥവാ വൃതന്മാർ നിമിത്തം ആ നാളുകൾ കുറഞ്ഞു. അത് അനേകർക്ക് ജീവൻ രക്ഷിക്കുവാൻ കാരണമായി എന്നതാണ് വാസ്തവം. ദൈവമക്കൾ ഇടിവിൽ നിന്നു പ്രാർത്ഥിക്കുന്നു എങ്കിൽ ദൈവത്തിന്റെ കരുണ വെളിപ്പെടുവാൻ ഇടയാകും. ഇങ്ങനെ ദൈവമക്കൾ ദേശത്തിന് ഒരു സുരക്ഷാ കവചമാണ് എന്ന പരമാർത്ഥം ഒരു പക്ഷേ ഈ ലോകം തിരിച്ചറിഞ്ഞിട്ടുണ്ടാവുകയില്ല.

'അന്ന് ആരാനും നിങ്ങളോട് ഇതാ ക്രിസ്തു ഇവിടെ അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാൻ ആയി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. ഓർത്തുകൊൾവിൻ, ഞാൻ മുമ്പുകൂട്ടി നിങ്ങളോട് പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട് അതാ അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്, ഇതാ അറകളിൽ എന്ന് പറഞ്ഞാൽ വിശ്വസിക്കരുത്'. കലക്കവെള്ളത്തിൽ മീൻ പിടിക്കുവാൻ എളുപ്പമായതിനാൽ കുളങ്ങളിൽ നിന്നും മീൻ പിടിക്കുന്നവർ കുളങ്ങൾ കലക്കുന്നത് കണ്ടിട്ടുണ്ടാവുമല്ലോ? അതുപോലെ പിശാച് ആശയക്കുഴപ്പവും ഭയവും ഉളവാക്കി ദൈവജനത്തെ വഴിതെറ്റിക്കുവാൻ പരിശ്രമിക്കും എന്ന മുന്നറിയിപ്പ് കർത്താവ് നൽകുന്നു.

കള്ളക്രിസ്തുക്കൾ എഴുന്നേൽക്കും. ക്രിസ്തു എന്നാൽ അഭിഷിക്തൻ എന്നാണല്ലോ അർത്ഥം. കർത്താവിന്റെ വേലക്കാരെ അഭിഷിക്തർ എന്ന് വിശേഷിപ്പിക്കുന്ന രീതി നമ്മുടെ ഇടയിൽ കണ്ടുവരുന്നുണ്ട്. അത് നമുക്കു യോഗ്യമാണോ എന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. ക്രിസ്തുക്കൾ ആകുവാനുള്ള പ്രവണത തെറ്റാണ്, അപകടമാണ്. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും ഒരു ടീം ആണ്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ അഥവാ വൃതന്മാരെ തെറ്റിച്ചു കളയുവാൻ അവർ പരിശ്രമിക്കും. വലിയ അത്ഭുതങ്ങളും അടയാളങ്ങളും അവർ കാണിക്കുകയും ചെയ്യും. അത്ഭുതങ്ങൾ കാണുമ്പോൾ ഓടിക്കൂടുകയും ആർത്തു വിളിക്കുകയും ചെയ്യുന്ന പ്രകൃതക്കാരാണ് മനുഷ്യരായ നാം. കാണുന്നതും കേൾക്കുന്നതും എല്ലാം വിശ്വസിക്കാതെ വിവേചിക്കുവാൻ നമുക്ക് കഴിയണം. വലിയ അത്ഭുതങ്ങ

**അത്ഭുതങ്ങൾ കാണുമ്പോൾ ഓടിക്കൂടുകയും ആർത്തു വിളിക്കുകയും ചെയ്യുന്ന പ്രകൃതക്കാരാണ് മനുഷ്യരായ നാം. കാണുന്നതും കേൾക്കുന്നതും എല്ലാം വിശ്വസിക്കാതെ വിവേചിക്കുവാൻ നമുക്ക് കഴിയണം.**

ളും അടയാളങ്ങളും കാണിച്ച് വഴിതെറ്റിക്കുക എന്ന പിശാചിന്റെ തന്ത്രത്തെ നാം തിരിച്ചറിഞ്ഞ് സുരക്ഷിതരായിരിക്കേണ്ടതാണ്.

ക്രിസ്തു ഇവിടെ അഥവാ അവിടെ എന്നുപറഞ്ഞ് ജനങ്ങളിൽ ആശയക്കുഴപ്പവും വിഭ്രാന്തിയും പരത്തുവാൻ പിശാച് ശ്രമിക്കും. ഇവിടെയും അവിടെയും വലിയ അത്ഭുതങ്ങൾ നടക്കുകയും ചെയ്യും. അതിന്റെ പിന്നാലെ ഓടുന്നവർ തെറ്റിപ്പോകും. ക്രിസ്തു മടങ്ങിവന്നു എന്നും, ഇതാ അവിടെയുണ്ട് എന്നും പറഞ്ഞ് ജനങ്ങളെ വഞ്ചിക്കുകയും, ക്രിസ്തു ആണ് എന്ന് വഞ്ചകന്മാർ അവകാശപ്പെടുകയും ചെയ്യാം. കർത്താവിന്റെ വരവ് അങ്ങനെ രഹസ്യമായി സംഭവിക്കുന്ന ഒന്നല്ല.

കർത്താവ് തന്റെ ജനങ്ങളെ ചേർക്കുവാൻ മദ്ധ്യാകാശത്തിൽ വരുമ്പോൾ നാം മദ്ധ്യാകാശത്തേക്ക് എടുത്തു കൊള്ളപ്പെടുകയാണ് (1 തെസ്സലോനിക്യർ 4: 16). കർത്താവ് ഈ ഭൂമിയിലേക്ക് തന്റെ വിശുദ്ധന്മാരോടുകൂടെ വരുമ്പോൾ അത് എല്ലാവരും കാണത്തക്കവണ്ണം പരസ്യമായി ആയിരിക്കും വരിക. മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും പോലെ പരസ്യമായി കർത്താവ് വരും. ആകയാൽ കർത്താവിന്റെ വരവിനെക്കുറിച്ച് പല കള്ളക്കഥകളും പ്രചരിക്കും എന്നത് നാം അറിഞ്ഞിരിക്കണം. അവയൊന്നും വിശ്വസിക്കരുത്. ദൈവവചനത്തിൽ നാം നിശ്ചയം ഉള്ളവരായിരിക്കണം.

'ശവം ഉള്ളയിടത്ത് കഴുക്കൾ കൂടും' എന്നത് ഒരു പഴഞ്ചൊല്ലാണ്. അത് ഒരു യാഥാർത്ഥ്യം ആണല്ലോ. ശവം തിന്നുവാൻ കഴുക്കളെല്ലാം കൂടും എന്നതുപോലെ പാപം വർദ്ധിക്കുമ്പോൾ ശിക്ഷാവിധി ഉണ്ടാകും എന്നത് ഉറപ്പാണ്. യിസ്രായേലിന് സംഭവിക്കുന്നത് കർത്താവ് മടങ്ങിവരും എന്നും, ന്യായവിധി ഉണ്ടാകും എന്നുമുള്ളതിന് നമുക്ക് ഉറപ്പു നൽകുന്ന ഒരു അനുഭവം കൂടിയാണ്. ●

കഴിയുന്നു. എനിക്കു ഭൗതികമായി എല്ലാമുണ്ട്. എന്നാൽ, എന്റെ വേരുകളിവിടെയല്ല; എന്റെ പൗരത്വം ഇവിടെയല്ല; എന്റെ ഹൃദയം ഇവിടെയല്ല. ആത്മാവിന്റെ ആഴത്തിൽ നിറഞ്ഞു നിൽക്കുന്നതു എന്റെ ജന്മാവകാശമായ യെരൂശലേമാണ്-എന്റെ പിതാക്കന്മാരുടെ കല്ലറകൾ ഉള്ള പട്ടണം! ബാബിലോണിൽ കഴിയുമ്പോഴും യെരൂശലേമിനു വേണ്ടി പിടയുന്ന ഒരു ഹൃദയം നെഹെമ്യാവിനുണ്ടായിരുന്നു. ഇതാണു നെഹെമ്യാവ് നമുക്കു നൽകുന്ന പാഠം. നമ്മുടെ സ്വന്തദേശം ഇവിടെയല്ല. നിത്യതയെ നിരന്തരം കൂടെ കൊണ്ടുനടക്കുന്നവനാണു ആത്മീയൻ!

നാം ലോകത്തിൽ ജീവിക്കുന്നവരെങ്കിലും, ലൗകികരല്ലെന്നും നിത്യതയുടെ സന്തതികളാണു നാമെന്നും, നമ്മുടെ ഹൃദയത്തെ ത്രസിപ്പിക്കുന്നതു ലോകത്തിന്റെ മേനികളല്ലെന്നും, പ്രത്യുത, നിത്യതയുടെ തേജസ്സാണെന്നും നമ്മുടെ ഓഫീസിലും ചുറ്റുവട്ടത്തും ഉള്ളവർ അറിയട്ടെ... നമ്മുടെ ഐഡന്റിറ്റി മറ്റുള്ളവർ അറിയട്ടെ. നിങ്ങളാരാണെന്നു നിങ്ങളുടെ മേലധികാരികൾ അറിഞ്ഞാൽ തലപോകുകയൊന്നുമില്ല. അഥവാ പോയാലങ്ങു പോകട്ടെ. നിത്യതയുടെ ആൾക്കാരാണെങ്കിൽ നിത്യതയിലേക്കു പ്രവേശിക്കാൻ അതൊരു വഴിയാണെന്നു ചിന്തിച്ചാൽ പോരേ.

നെഹെമ്യാവ്, രാജാവിന്റെ മുമ്പിൽ തന്റെ ഹൃദയം തുറന്നപ്പോൾ ദൈവം പ്രവർത്തിച്ചു. 'നിന്റെ അപേക്ഷ എന്ത്?' എന്നു ചോദിച്ചു. അതു തീർച്ചയായും ദൈവത്തിന്റെ പ്രവൃത്തിയാണ്! 'ഉടനെ ഞാൻ സ്വർഗ്ഗത്തിലെ ദൈവത്തോടു പ്രാർത്ഥിച്ചു. നോക്കൂ, പ്രാർത്ഥനയ്ക്കു നെഹെമ്യാവ്, സമയമൊന്നും എടുക്കുന്നില്ല. പ്രാർത്ഥനയ്ക്കു പ്രത്യേകിച്ചു 'അന്തരീക്ഷം' തിരക്കുന്നുമില്ല...ഒരു ലളിതമായ പ്രാർഥന. അതു പുറത്തു കേട്ടിരിക്കണമെന്നു നിർബന്ധമില്ല. എന്നാൽ, ദൈവം ലളിതമായ പ്രാർത്ഥനകളെ വിലമതിക്കുന്നു.

വാസ്തവത്തിൽ ആത്മികനാകാനുള്ള മാർഗ്ഗം എപ്പോഴും പ്രാർത്ഥിക്കുന്നതാണ് (Pray without ceasing). അതിനു കഴിയണമെങ്കിൽ പ്രാർത്ഥനയിലെ സാഹിത്യമൊക്കെ ഒഴിവാക്കി ലളിതമായി പ്രാർത്ഥിക്കാൻ നാം പരിശീലിച്ചേ പറ്റൂ... എപ്പോഴും പ്രാർത്ഥിക്കാൻ ഒന്നു പരിശീലിച്ചു നോക്കൂ.... ബലഹീനനായ ഒരു വ്യക്തിയെ കാണുമ്പോൾ മനസ്സലിവോടെ 'കർത്താവേ, അയാളെ സഹായിക്കണമേ' എന്നു പറയുക. വെറുതെ നടക്കുമ്പോൾ, യാത്ര ചെയ്യുമ്പോൾ ആ സ്ഥലത്തെയോർത്ത് അവിടുത്തെ ജനങ്ങളെ ഓർത്ത് ആത്മഭാരത്തോടെ ദേശത്തിനുവേണ്ടി ഒരു വാക്കു ദൈവസന്നിധിയിൽ ഉച്ചരിക്കുക. ലളിതമായ പ്രാർത്ഥനകൾ മാത്രമേ നിങ്ങളെ ഒരു പ്രാർത്ഥ നാമനുഷ്യൻ ആക്കയുള്ളൂ (Only simple prayers will make you a man of prayers). ആ ചെറിയ പ്രാർത്ഥന ഫലമുളവാക്കി... നെഹെമ്യാവിനെ യെരൂശലേമിന്റെ മതിലുകൾ പണിയാനുള്ള നിയോഗവുമായി രാജാവ് അയ്ക്കുന്നതിനു കാരണമായതു ആ ലളിതമായ പ്രാർത്ഥനയല്ലാതെ മറ്റൊന്നുമല്ല. എന്നാൽ, അവനു രാജാവിന്റെ സന്നിധിയിൽ ഒരു നിമിഷാർഥത്തിൽ പ്രാർത്ഥിക്കാൻ കഴിഞ്ഞത്, അവന്റെ ദീർഘപ്രാർത്ഥനയുടെ പശ്ചാത്തലത്തിലാണെന്നതും നാം മറന്നുകൂടാ. യെരൂശലേമിന്റെ ദുസ്ഥിതിയറിഞ്ഞ് അവൻ 'ഇരുന്നു കരഞ്ഞ് കുറെനാൾ ദുഃഖിച്ചും ഉപവസിച്ചും കൊണ്ടു പ്രാർത്ഥിച്ച'താണ്...(നെഹെമ്യാവ് 1:4). അതവനെ എപ്പോഴും പ്രാർത്ഥിക്കാൻ തക്ക നിലയിലേക്കു ഉയർത്തി.

നെഹെമ്യാവ് ചോദിച്ചതെല്ലാം രാജാവ് അവനു ചെയ്തുകൊടുത്തു. എന്നാൽ, അതൊന്നും രാജാവിന്റെ പക്കലുള്ള അവന്റെ സ്വാധീനം കൊണ്ടാണെന്നല്ല അവൻ പറയുന്നത്. 'എന്റെ ദൈവത്തിന്റെ ദയയുള്ള കൈ എനിക്കു അനുകൂലമായിരുന്നതുകൊണ്ടു രാജാവ് അത് എനിക്കു തന്നു' (നെഹെമ്യാവ് 2:8). നെഹെമ്യാവ് യെരൂശലേമിലേക്കു പോയി മതിൽ പണിയുന്നതാണു പിന്നീടുള്ള ചരിത്രം. എന്നാൽ, രാജാവിന്റെ മുമ്പിൽ നെഹെമ്യാവ് തന്റെ പൈതൃകത്തെക്കുറിച്ചും ദേശത്തെക്കുറിച്ചുമുള്ള വേദനയും പങ്കുവച്ചില്ലായിരുന്നുവെങ്കിൽ ഇക്കാര്യങ്ങൾ യാഥാർത്ഥ്യമാവുകയില്ലായിരുന്നു. നിങ്ങൾ ആരെന്നും നിങ്ങളുടെ ദൈവബന്ധം എന്തെന്നും നിങ്ങളുടെപ്രവൃത്തിസ്ഥലത്ത് വെളിപ്പെടുത്തുക... മറ്റുള്ളവരുടെ പ്രതികരണത്തെപ്പറ്റി ആശങ്ക ആവശ്യവുമില്ല. നമ്മുടെ ദൈവത്തിന്റെ ദയയുള്ള കൈ നമുക്കു അനുകൂലമായുണ്ടാകും. ദൈവമക്കൾ എന്ന് നമ്മെത്തന്നെ വെളിപ്പെടുത്തുവാനും, എവിടെയും എന്തിനും വേണ്ടി പ്രാർത്ഥിക്കുവാനും, 'എന്റെ സ്വാധീനത്താൽ' എന്ന് സ്വയം വീമ്പ് പറയാതെ ദൈവത്തിനു മഹത്വം കൊടുക്കുവാനും സാധിക്കേണ്ടതിനായി നമ്മെ സമർപ്പിച്ച് പ്രാർത്ഥിക്കാം •

# അരക്ഷിത സമൂഹമോ?

കുടുംബബന്ധങ്ങളെ തകർക്കുന്ന പല വിഷയങ്ങളെക്കുറിച്ചുള്ള വാർത്തകൾ പലപ്പോഴും സമൂഹമാധ്യമങ്ങളിൽ ചർച്ചയാകാറുണ്ട്. വിവാഹമോചനം, സ്വത്തുതർക്കങ്ങൾ, പീഡനം തുടങ്ങിയ വിഷയങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഇത്തരം വാർത്തകൾ കുടുംബസംവിധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ആകുന്നു നമ്മെ ഓർമ്മിപ്പിക്കുന്നത്.

പീഡനം എന്നത് ഒരാൾക്ക് ഇഷ്ടമല്ലാത്ത അധിക്ഷേപകരവും, അപമാനകരവുമായ പെരുമാറ്റമോ അഭിപ്രായങ്ങളോ ഉണ്ടാകുന്ന അവസ്ഥയാണ്. ഇത് വാക്കാലുള്ളതോ, ശാരീരികമായതോ, അല്ലെങ്കിൽ ഓൺലൈനായോ ആകാം. ഇക്കാലത്ത് പീഡനം സർവ്വസാധാരണമായ ഒരു സാമൂഹിക പ്രശ്നമാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളെക്കുറിച്ചും, അതിനെതിരായി സ്വീകരിച്ചിട്ടുള്ള നിയമനടപടികളെക്കുറിച്ചുമുള്ള വാർത്തകൾ മാത്രമാണ് പലപ്പോഴും നാം അറിയാറുള്ളത്. അറിഞ്ഞതിനേക്കാൾ സങ്കടപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന ഒട്ടനവധി വിഷയങ്ങൾ അറിയപ്പെടാതെ പോകുന്നില്ലേ? ഭയവും ദുരഭിമാനവും സമൂഹത്തിന്റെ പിന്തുണ ലഭിക്കാതെ പോകുന്നതുനിമിത്തവും പലതും ഉള്ളിലൊതുക്കി പലരും വീർപ്പുമുട്ടി കഴിയുന്നു. പീഡനത്തിന് ഇരയാകുന്നവർക്ക് ഗുരുതരമായ മാനസിക സംഘർഷങ്ങൾ ഉണ്ടാകുന്നു. കടുത്ത സമ്മർദ്ദം, ഉത്കണ്ഠ, വിഷാദം, ആത്മവിശ്വാസമില്ലായ്മ, ആത്മഹത്യാചിന്തകൾ എന്നിവ സാധാരണമാണ്. പലപ്പോഴും ഒറ്റപ്പെടലും അരക്ഷിതാവസ്ഥയും അനുഭവിക്കേണ്ടി വരുന്നു ഇവർ. ശരിയായ പിന്തുണയും കൗൺസലിംഗും ഇക്കൂട്ടർക്ക് ലഭിച്ചാൽ ഈ അവസ്ഥകളെ മറികടക്കാൻ സാധിക്കും.

പീഡനം പല നിലകളിലാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ശാരീരിക പീഡനത്തിൽ മർദ്ദനം, മുറിവേൽപ്പിക്കൽ, തുടങ്ങിയവ ഉൾപ്പെടുന്നു. അധിക്ഷേപം, ഭീഷണിപ്പെടുത്തൽ, ഒറ്റപ്പെടുത്തൽ തുടങ്ങിയവയിലൂടെയാണ് മാനസികപീഡനം അരങ്ങേറുന്നത്. ബലാൽക്കാരമായി വേഴ്ച നടത്തുന്നതും ബന്ധത്തിൽ ഏർപ്പെടുവാൻ പ്രേരിപ്പിക്കുന്നതുമാണ് ലൈംഗികപീഡനം. ഇവയെല്ലാം ഒരുവ്യക്തിയുടെ ആത്മാഭിമാനത്തെയും സുരക്ഷയെയും ഭാവിയെയും സാരമായി ബാധിക്കും.

വികസനത്തിന്റെ അത്യുച്ചകോടിയിലെത്തി എന്നവകാശപ്പെടുമ്പോഴും സമൂഹം അഴിമതിയും, സ്വാർത്ഥതയും കൊണ്ട് നിറഞ്ഞിരിക്കുന്നു. മനുഷ്യർ കാറ്റിനെ പിടിക്കുവാൻ പായുന്നത് പോലെ സുഖങ്ങളുടെ പിന്നാലെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ പായുന്നു. വ്യക്തികളുടെ അത്യാഗ്രഹത്തിൽ നിന്ന് പാപം ഉടലെടുക്കുന്നു. അവരുടെ ഹൃദയത്തിൽ ഉയരുന്ന അധർമ്മ ചിന്തകളിൽ നിന്നും മ്ലേച്ഛത സമൂഹത്തിൽ വ്യാപരിക്കുന്നു. അഴിമതിയിൽ നിറഞ്ഞു നിൽക്കുന്ന മനുഷ്യർക്ക് മാതൃകാസമൂഹത്തെ വാർത്തെടുക്കുവാൻ ഒരിക്കലും സാധ്യമല്ലല്ലോ? 'ദരിദ്രനെ പീഡിപ്പിക്കുന്നതും നീതിയും ന്യായവും എടുത്തുകളയുന്നതും കണ്ടാൽ നീ വിസ്മയിച്ചുപോകരുത്; ഉന്നതനു മീതെ ഒരു ഉന്നതനും അവർക്കുമീതെ അത്യുന്നതനും ജാഗരിക്കുന്നു' എന്ന ബൈബിൾ വചനം ഇത്തരുണത്തിൽ ഏവരും ഓർത്തിരുന്നാൽ നന്ന്.

# രക്ഷ, മഹാദൈവത്തിന്റെ മഹാദാനം

സർവ്വമനുഷ്യരും പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടമാക്കിയപ്പോൾ മാനവജാതിയെ ദൈവത്തോട് നിരപ്പിച്ച് അവരെ വീണ്ടെടുത്ത് രക്ഷിച്ച ദൈവീകപദ്ധതിയുടെ ആഴം അവർണ്ണനീയമാണ്. ദൈവപുത്രനെ ജഡത്തിൽ വെളിപ്പെടുത്തി ഭൂമിയിലേക്ക് പിതാവായ ദൈവം അയച്ചത് എല്ലാ മനുഷ്യരുടെയും പാപത്തിന്റെ പരിഹാരം വരുത്തുവാനാണ്. അത് ദൈവപുത്രൻ ക്രൂശിൽ ചൊരിഞ്ഞ വിലയേറിയ രക്തം ഒന്നുകൊണ്ട് മാത്രമാണ്. ക്രൂശിൽ വെളിപ്പെട്ട പാപപരിഹാരബലി ഹൃദയത്തിൽ വിശ്വസിച്ച് നാവുകൊണ്ട് ഏറ്റുപറയുന്ന ഓരോരുത്തർക്കും വർഗ്ഗ, വർണ്ണ വ്യത്യാസമെന്യേ, ജാതി മത വ്യത്യാസം കൂടാതെ ലഭിക്കുന്ന രക്ഷയുടെ സന്ദേശം എപ്പോഴും സുവർത്തയാണ്. അതാണ് സത്യസുവിശേഷം!

വീണ്ടുംജനനാനുഭവത്തിലൂടെ മാത്രമേ സ്വർഗ്ഗരാജ്യപ്രവേശനം സാധ്യമാവുകയുള്ളൂ എന്ന് നിക്കോദേമോസ് എന്ന യഹൂദപ്രമാണിയോട് ഓർപ്പിക്കവേ പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ലഭിക്കുമെന്ന് യേശുകർത്താവ് അസന്നിഗ്ധമായി അരുളിച്ചെയ്തു. ദൈവപുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ വിധിപ്പാനല്ല, രക്ഷിപ്പാനാണ് എന്നുകൂടി അവിടുന്ന് കൂട്ടിച്ചേർത്തു. പുത്രനിൽ വിശ്വസിക്കാത്ത ഏവരും ഇരുട്ടിന്റെ പ്രവർത്തികളിലൂടെ, സൗജന്യമായി ലഭിക്കുന്ന മഹാരക്ഷയെ നിരാകരിച്ച് ന്യായവിധി വിളിച്ചു വരുത്തുന്നു എന്നതാണ് സത്യം (യോഹന്നാൻ 3:16 - 19).

ബൈബിൾ വിഭാവനം ചെയ്യുന്ന ആത്മരക്ഷയുടെ കാതലായ സന്ദേശം അവഗണിച്ച് ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രശ്നപരിഹാരകൻ മാത്രമായി ചിത്രീകരിക്കുന്ന സുവിശേഷം എപ്പോഴും 'വേറൊരു സുവിശേഷമായി' അധ:പ്പതിക്കുന്നു. മറ്റൊരാളിലും രക്ഷയില്ല എന്ന് പത്രോസ് അപ്പോസ്തലൻ പ്രഘോഷിച്ചതും ഈ സത്യസുവിശേഷമാണ്. 'ഞാൻ തന്നെ വഴിയെന്ന്' ക്രിസ്തു അരുളിച്ചെയ്തതിന്റെ ഒരു പരാവർത്തനം തന്നെയാണ് പത്രോസ് വ്യക്തമാക്കിയത്. യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽക്കൂടി നമുക്ക് ജീവനുള്ള പുതുവഴി പ്രതിഷ്ഠിച്ചു എന്ന് എബ്രായലേഖന കർത്താവും ഓർമ്മിപ്പിച്ചു (എബ്രായർ 10:19). നാം അർഹിക്കുന്ന ന്യായവിധി സ്വയം ക്രിസ്തു ഏറ്റെടുത്തതാണ് ഈ മഹാരക്ഷ. അതിനാലാണ് ഏതുകാലത്തും ഉള്ള എത്ര ക്രൂരനായ പാപിക്കും അത് സദ്വാർത്തയായി മാറുന്നത്.

ഉവ്വ്, ഈ മഹാരക്ഷയെ അഗണ്യമാക്കാതെ നാളത്തേക്ക് നീട്ടി വയ്ക്കാതെ ഏവരും നിത്യജീവന് അവകാശികളായിത്തീർന്നുവെങ്കിൽ?

**-എംസി**


SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

*Bank Account Details:*
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ
350 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

## നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

NERVEEDHI FEBRUARY 2026
RNI No. KERMAL/2012/46138 . Date of Publishing 10.02.2026 . Annual Subscription Rs.350/-

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
## ചില ഉത്തമ ഗ്രന്ഥങ്ങൾ






## മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു?

ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി.. എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ് **പ്രത്യാശ മരണത്തിനപ്പുറം.**

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും.

അനുഗ്രഹീത ദൈവദാസൻ **ജോയ് എം. തോമസ്** എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.







ഇപ്പോൾ ലഭ്യമാണ്




Address for Communication :
NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Ph:8589819293, 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.